# സത്യനിഷ്ഠം



ആശിഷ് റൈച്ചൂർ

സൗജന്യ വിതരണത്തിനു വേണ്ടി മാത്രമുള്ളത്
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ളൂർ, ഇന്ത്യ.
ആദ്യ പതിപ്പിന്റെ അച്ചടി: ഒക്ടോബർ 2005
പരിഷ്കരിച്ച പതിപ്പിന്റെ അച്ചടി: മാർച്ച് 2020
പരിഷ്കരിച്ച ഡിജിറ്റൽ പതിപ്പ്: ജൂൺ 2021

**ബന്ധപ്പെടേണ്ട വിലാസം:**

All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout, 2nd Block,
Kalyan Nagar, Bangalore 560 043 Karnataka, INDIA

Phone: +91-80-25452617
Email: bookrequest@apcwo.org
Website: **apcwo.org**

നൽകപ്പെട്ടിരിക്കുന്ന തിരുവെഴുത്തിന്റെ ഉദ്ധരണികളെല്ലാം വിശുദ്ധ വേദപുസ്തകത്തിന്റെ, ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ ബൈബിളിൽ നിന്നാണ് എടുത്തിരിക്കുന്നത്.

ബൈബിൾ നിർവ്വചനങ്ങളും എബ്രായ, ഗ്രീക്ക് പദങ്ങളും അവയുടെ അർത്ഥങ്ങളും താഴെ പറയുന്ന ഗ്രന്ഥങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയാണ്:
Thayer's Greek Definitions. Published in 1886, 1889; public domain.
Strong's Hebrew and Greek Dictionaries, Strong's Exhaustive Concordance by James Strong, S.T.D., LL.D. Published in 1890; public domain.
Vine's Complete Expository Dictionary of Old and New Testament Words, © 1984, 1996, Thomas Nelson, Inc., Nashville, TN.

**സാമ്പത്തിക സഹകരണം**

ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും പങ്കാളികളുടെയും അഭ്യുദയകാംഷികളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾക്ക് പ്രയോജനം ലഭിച്ചു എങ്കിൽ ഓൾ പീപ്പിൾസ് ചർച്ച് സൗജന്യമായി പ്രസിദ്ധീകരിക്കുന്ന എല്ലാ പ്രസിദ്ധീകരണങ്ങളും അച്ചടിക്കുന്നതിനും വിതരണത്തിനുമായി സാമ്പത്തികമായ സംഭാവനകൾ ഞങ്ങൾ നിങ്ങളിൽ നിന്നും ക്ഷണിക്കുന്നു. നിങ്ങളുടെ സംഭാവനകൾ എങ്ങനെ നൽകാമെന്നതിനെക്കുറിച്ച് ദയവായി **apcwo.org/give** സന്ദർശിക്കുക. അല്ലെങ്കിൽ ഈ പുസ്തകത്തിന്റെ മറുവശത്തുള്ള "ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി" എന്ന പുറം കാണുക. നന്ദി!

**മെയിലിംഗ് ലിസ്റ്റ്**

പ്രസിദ്ധീകരിക്കപ്പെടുന്ന പുതിയ പുസ്തകങ്ങൾ നിങ്ങൾക്ക് ലഭിക്കേണ്ടതിന് നിങ്ങളുടെ വിലാസം ഞങ്ങളുടെ പട്ടികയിൽ ചേർക്കുവാൻ നിങ്ങൾ താൽപ്പര്യപ്പെടുന്നുവെങ്കിൽ, താങ്കളുടെ ശരിയായ വിലാസം ഞങ്ങൾക്ക് താഴെപറയുന്ന ഇമെയിലിൽ അയച്ചുതരിക: bookrequest@apcwo.org

# സത്യനിഷ്ഠം

# ഉള്ളടക്കം


ആമുഖം 1

1. സത്യനിഷ്ഠയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ 4

2. ദൈവം നമ്മുടെ സത്യനിഷ്ഠയെ പരിശോധിക്കുകയും അറിയുകയും ചെയ്യുന്നു (അല്ലെങ്കിൽ അതിന്റെ അഭാവം!) 9

3. എന്തുകൊണ്ടാണ് നമ്മൾ ഇപ്പോഴും നമ്മുടെ സത്യനിഷ്ഠയിൽ വിട്ടുവീഴ്ച ചെയ്യുന്നത്? 11

4. സത്യസന്ധതയില്ലായ്മയുടെ അനന്തരഫലങ്ങൾ 15

5. നീതിമാനായവന്റെ അനുഗ്രഹങ്ങൾ 19

6. പ്രതികരണം- വിടുതൽ, പശ്ചാത്താപം, പരിത്യാഗം, വിശുദ്ധീകരണം 22

# ആമുഖം

ലോകത്തിൽ കാണുന്ന അഴിമതിയെക്കുറിച്ച്, പ്രത്യേകിച്ച് സർക്കാർ ഓഫീസുകളിലും മറ്റും പോകുമ്പോൾ കാണുന്ന അഴിമതിയെക്കുറിച്ചു നമുക്കെല്ലാവർക്കും പറയാൻ ഒരുപാട് കഥകളുണ്ട്. അഴിമതിയും സത്യസന്ധതയില്ലായ്മയും കൈക്കൂലിയും നാം മിക്കവാറും എല്ലായിടത്തും നേരിടുന്നു. അത് പതിവാണെന്ന് തോന്നുന്നു. സത്യസന്ധതയില്ലായ്മ, വഞ്ചന, നുണ പറയൽ എന്നിവ അങ്ങനെ ചെയ്യാൻ കാരണങ്ങളുള്ളിടത്തോളം സ്വീകാര്യമാണെന്ന് തോന്നുന്നു.

എന്നിരുന്നാലും, സത്യസന്ധതയില്ലായ്മയും അനീതിയും സത്യനിഷ്ഠയില്ലായ്മയും ദൈവജനത്തിന്റെ ഇടയിൽ - നമുക്കിടയിൽ - ഉണ്ടെന്നു കാണുന്നത് നമ്മൾ അത് നന്നായി അറിയാകുന്നവരായതു കൊണ്ട് ശരിക്കും സങ്കടകരമാണ്! നിർമലതയിലും സത്യസന്ധതയിലും വിശുദ്ധിയിലും നീതിയിലും എങ്ങനെ നടക്കണമെന്ന് നാം അറിഞ്ഞിരിക്കണം, കാരണം നാം ദൈവവചനവും ഈ കാര്യങ്ങളെക്കുറിച്ച് അത് പഠിപ്പിക്കുന്നതെല്ലാം വായിക്കുന്നു. പാസ്റ്റർമാർ, പ്രസംഗകർ, അധ്യാപകർ, വചന ശുശ്രൂഷകർ എന്നിവർക്കിടയിൽ അനീതിയും സത്യസന്ധതയില്ലായ്മയും സത്യനിഷ്ഠയില്ലായ്മയും കാണുമ്പോൾ അത് കൂടുതൽ മോശമായ കാര്യമാകുന്നു. നമ്മിൽ പലർക്കും "ക്രിസ്ത്യാനികളുടെ" കൈക്കൂലി, നുണ പറയൽ, സത്യസന്ധതയില്ലായ്മ എന്നിവയുടെ കഥകൾ പങ്കിടാൻ കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്!

ഞങ്ങൾ ബാംഗ്ലൂരിൽ ഓൾ പീപ്പിൾസ് ചർച്ച് ആരംഭിച്ചു ഇടയ ശുശ്രൂക്ഷ തുടങ്ങിയപ്പോൾ, ഓരോ ക്രിസ്ത്യാനിയും സത്യം സംസാരിക്കും എന്ന ചിന്താഗതി ഞങ്ങൾക്കുണ്ടായിരുന്നു. ഇതിനുമുമ്പ് ഞങ്ങൾ പ്രവർത്തിച്ചിരുന്നതും ഇടപഴകിയതുമായ ചെറിയ സമൂഹങ്ങളിൽ, മിക്ക ആളുകളും സത്യം സംസാരിക്കുകയും ആളുകളെ ഞങ്ങൾ പരോക്ഷമായി വിശ്വസിക്കുകയും ചെയ്തതുകൊണ്ടാകാം ഞങ്ങൾ അങ്ങനെ ചിന്തിച്ചത്. അതിനാൽ, ഞങ്ങൾ ആ ആശയം ഞങ്ങളോടൊപ്പം കൊണ്ടുപോയി.

എന്നിരുന്നാലും, ക്രിസ്ത്യാനികൾ കള്ളം പറയുന്നത് കണ്ടപ്പോൾ ഞങ്ങൾ ഞെട്ടിപ്പോയി! ഞങ്ങൾക്ക് പെട്ടന്ന് അത് വിശ്വസിക്കാനായില്ല –"ക്രിസ്ത്യാനികൾ കള്ളം പറയേണ്ടവരും നീതികേട് കാണിക്കേണ്ടവരും സത്യനിഷ്ഠതയില്ലാത്തവരായി പെരുമാറേണ്ടവരുമല്ല!"

സത്യസന്ധതയില്ലാത്ത പാസ്റ്റർമാരെയും ദൈവത്തിന്റെ ശുശ്രൂഷകരെയും വരെ ഞങ്ങൾ കണ്ടുമുട്ടി. "നല്ല" റിപ്പോർട്ടുകൾ കേൾക്കുകയും അവരുടെ "പ്രവർത്തനങ്ങളുടെ" ഫോട്ടോഗ്രാഫുകൾ കാണുകയും ചെയ്ത അത്തരം നിരവധി സംഭവങ്ങൾ എനിക്ക് വിവരിക്കാൻ കഴിയും. അവരുടെ വാക്കുകൾ വിശ്വസിച്ച് ആയിരക്കണക്കിന് രൂപയുടെ ചെക്കുകൾ ഞാൻ എഴുതിയിട്ടുണ്ട്. ആളുകളുടെ വാക്കുകൾ മുഖവിലയ്ക്കെടുക്കാൻ ഞങ്ങൾക്ക് കഴിയില്ലെന്ന് ഒടുവിൽ ഞങ്ങൾക്ക് മനസ്സിലായി. ഞങ്ങൾക്ക് ശരിക്കും ബോധ്യപ്പെട്ടില്ലെങ്കിൽ ആളുകളെ വിശ്വസിക്കില്ല എന്ന അവസ്ഥയിലേക്ക് ഞങ്ങൾ എത്തി! നമ്മുടെ ചിന്താഗതി പുനഃക്രമീകരിക്കേണ്ടതായിരുന്നു. ആളുകളെ പൂർണമായി വിശ്വസിക്കുന്നതിനുമുമ്പ് അവരെ വിലയിരുത്തേണ്ട അവസ്ഥയിലേക്ക് ഞങ്ങൾ എത്തി.

ദൈവജനമെന്ന നിലയിൽ നമ്മുടെ ഉള്ളിൽ ചലനമുണ്ടാക്കുക എന്നതാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യങ്ങൾ:

• സത്യനിഷ്ഠയോടുള്ള പ്രതിബദ്ധത.

• സത്യസന്ധതയോടുള്ള പ്രതിബദ്ധത.

• നമ്മുടെ സംസാരത്തിലും, നമ്മുടെ ബിസിനസ്സുകൾ, ജോലികൾ, കൂടാതെ നമ്മൾ ചെയ്യുന്ന മറ്റെല്ലാ കാര്യങ്ങളിലും സത്യസന്ധതയോടും നീതിയോടും ഉള്ള പ്രതിബദ്ധത. നമ്മുടെ മനോഭാവങ്ങൾ ഇതായിരിക്കണം: "നമുക്ക് എന്ത് വിലകൊടുക്കേണ്ടി വന്നാലും, നാം എപ്പോഴും നീതിയിൽ പ്രതിജ്ഞാബദ്ധരായിരിക്കും."

• സത്യനിഷ്ഠയിൽ നടക്കുന്നതിന്റെ അനുഗ്രഹങ്ങളിലേക്കുള്ള ഉണർത്തപ്പെടൽ. നുണകൾ പറയാൻ നാം തീരുമാനിക്കുമ്പോൾ ദൈവം നമുക്കുവേണ്ടി വെച്ചിട്ടുള്ള അനുഗ്രഹങ്ങൾ നഷ്ടപ്പെടുന്നതായി നാം തിരിച്ചറിയുന്നില്ല.

• കർത്താവിനോടുള്ള വിധേയത്വവും നമ്മെ പിടിച്ചുനിർത്തുന്ന ബന്ധനങ്ങൾ തകർക്കാൻ അവനെ അനുവദിക്കുകയും  അങ്ങനെ നമുക്ക് ഈ മേഖലകളിൽ മാറ്റം വരുത്താൻ കഴിയുകയും ചെയ്യും. എന്നാൽ നമ്മിൽ ചിലർ സ്വയം ബന്ധിതരാണെന്നും നമുക്ക് യഥാർത്ഥത്തിൽ ആഗ്രഹമുണ്ടെങ്കിലും സത്യം സംസാരിക്കാൻ കഴിയില്ലെന്നും കണ്ടെത്തിയേക്കാം. അങ്ങനെയാണെങ്കിൽ, ബൈബിൾ വെളിപ്പെടുത്തുന്ന കള്ളം പറയുന്നതും വഞ്ചിക്കുന്നതുമായ ആത്മാക്കളിൽ നിന്ന് നമുക്ക് മോചനം ആവശ്യമായി വരാം.

നുണകൾ അവലംബിച്ച് സത്യത്തെ പ്രതിരോധിക്കണമെന്ന് ചിലപ്പോൾ നാം ചിന്തിക്കുന്നത് രസകരമാണ്! അത് അനാവശ്യമാണ്, കാരണം സത്യം തനിയെ നിലനിൽക്കും, നമ്മുടെ നുണകൾ ഉപയോഗിച്ച് അതിനെ പ്രതിരോധിക്കേണ്ട ആവശ്യമില്ല. ജോലിസ്ഥലത്ത് പലപ്പോഴും സംഭവിക്കുന്ന ഈ സാഹചര്യം പരിഗണിക്കുക-ഒരു സഹപ്രവർത്തകൻ നിങ്ങളെ ഫോണിൽ വിളിക്കുകയും തനിക്കു അസുഖമാണെന്ന് ബോസിനെ അറിയിക്കാൻ നിങ്ങളോട് അവ്വശ്യപ്പെടുന്നു എന്നാൽ യഥാർത്ഥത്തിൽ താൻ സൗഖ്യത്തോടെയിരിക്കുകയും തനിക്കു ആ അവധി മറ്റെന്തെങ്കിലിനും വേണ്ടി ഉപയോഗിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു എന്ന് കരുതുക. നിങ്ങൾ അങ്ങനെ ചെയ്യാൻ സമ്മതിക്കുകയും ബോസിനോട് കള്ളം പറയുകയും ചെയ്യുന്നു. നിങ്ങളുടെ സുഹൃത്തിനെ സഹായിക്കുന്നതിലൂടെ നിങ്ങൾ എന്തെങ്കിലും നല്ലത് ചെയ്യുന്നുണ്ടെന്ന് നിങ്ങൾ വിചാരിച്ചേക്കാം, എന്നാൽ നിങ്ങളുടെ സുഹൃത്തിന് അസുഖമില്ലെന്നും എന്നാൽ വ്യക്തിപരമായ ചില ജോലികൾ ചെയ്യുന്നുണ്ടെന്നും അറിയാവുന്നതിനാൽ നിങ്ങൾ കള്ളം പറയുകയാണ്. അവന്റെ നുണയിൽ നിങ്ങൾ അവനോടൊപ്പം പങ്കാളിയായി എന്നതാണ് വസ്തുത. പുറപ്പാട് 23:7 നമ്മോട് പറയുന്നത് തെറ്റായ കാര്യങ്ങളിൽ നിന്ന് അകന്നു നിൽക്കാനാണ്. വെറുതെ ഇത്തരം കാര്യങ്ങളിൽ ഇടപെടരുത്. ബോസിനോട് സത്യം പറയണമെന്നു നിങ്ങളുടെ സഹപ്രവർത്തകനോട് പറയാനുള്ള ധൈര്യം കാണിക്കുക. നമ്മൾ നമ്മുടെ സുഹൃത്തുക്കൾക്ക് ഒരു ഉപകാരം ചെയ്യുന്നുവെന്ന് കരുതി നമ്മൾ ചിലപ്പോൾ അത്തരം കാര്യങ്ങളിൽ ഏർപ്പെടുന്നു. അല്ല, നമ്മൾ അതല്ല ചെയ്യുന്നത്!

# 1. സത്യനിഷ്ഠയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ

സത്യനിഷ്ഠയിലും നേരിലും സത്യസന്ധതയിലും നടക്കാൻ ബൈബിൾ നമ്മെ പഠിപ്പിക്കുന്നു.

**സദൃശവാക്യങ്ങൾ 6:16-19**

**16 ആറു കാര്യം യഹോവ വെറുക്കുന്നു; ഏഴു കാര്യം അവന്നു അറെപ്പാകുന്നു:**
**17 ഗർവ്വമുള്ള കണ്ണും വ്യാജമുള്ള നാവും കുറ്റമില്ലാത്ത രക്തം ചൊരിയുന്ന കയ്യും**
**18 ദുരുപായം നിരൂപിക്കുന്ന ഹൃദയവും ദോഷത്തിന്നു ബദ്ധപ്പെട്ടു ഓടുന്ന കാലും**
**19 ഭോഷ്കു പറയുന്ന കള്ളസാക്ഷിയും സഹോദരന്മാരുടെ ഇടയിൽ വഴക്കുണ്ടാക്കുന്നവനും തന്നേ.**

സദൃശവാക്യങ്ങൾ 6:16-19 ദൈവം വെറുക്കുന്ന കാര്യങ്ങൾ പട്ടികപ്പെടുത്തുന്നു. കള്ളം പറയുക, തിന്മ നിരൂപിക്കുക, തിന്മ ചെയ്യുക, കള്ളസാക്ഷ്യം പറയുക, ഭിന്നത വിതയ്ക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഉദാഹരണത്തിന്, ഒരു കമ്പനിയിലെ ഒരു അക്കൗണ്ടന്റ്, വസ്തുതകളെ പ്രതിനിധീകരിക്കാത്ത ഒരു റിപ്പോർട്ട് തയ്യാറാക്കാൻ കണക്കുകൾ കൈകാര്യം ചെയ്യുന്നുവെങ്കിൽ, അത് യഥാർത്ഥത്തിൽ തിന്മയെ ആസൂത്രണം ചെയ്യുകയാണ്. നമ്മൾ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു കാര്യം കണ്ടു എന്ന് പറഞ്ഞാൽ, അത് ദൈവത്തിന്റെ ദൃഷ്ടിയിൽ വീണ്ടും മ്ലേച്ഛമായ ഒരു കള്ളസാക്ഷ്യം നൽകുന്നതാകുന്നു.

**സദൃശവാക്യങ്ങൾ 12:22**

**വ്യാജമുള്ള അധരങ്ങൾ യഹോവെക്കു വെറുപ്പു; സത്യം പ്രവർത്തിക്കുന്നവരോ അവന്നു പ്രസാദം.**

ദൈവം “നുണ പറയുന്ന ചുണ്ടുകളെ” കേവലം സ്വഭാവവൈകല്യമായി കാണുകയും ക്ഷമിക്കുകയും ചെയ്യില്ല. അത് കർത്താവിനു വെറുപ്പുളവാക്കുന്നതും താൻ അത് ഒട്ടും അനുവദിക്കില്ലെന്നുമാണ് വെളിവാക്കുന്നത്. നേരെമറിച്ച്, സത്യസന്ധമായി ഇടപെടുന്നവർ അവന്റെ പ്രസാദമാണ്. നമ്മുടെ ജോലികളിലും സാമ്പത്തിക കാര്യങ്ങളിലും ജീവിതത്തിന്റെ എല്ലാ മേഖലകളിലും

സത്യസന്ധരായിരിക്കാൻ നാം പ്രതിജ്ഞാബദ്ധരാണെങ്കിൽ, നാം അവന്റെ പ്രസാദമാണെന്ന് ബൈബിൾ പറയുന്നു. നാം സത്യസന്ധമായി ഇടപെടുമ്പോൾ ദൈവം വളരെ സന്തോഷവാനാണ്. സത്യമല്ലാത്ത എന്തെങ്കിലും ചെയ്യാൻ നമ്മുടെ യജമാനൻ നമ്മോട് ആവശ്യപ്പെടുന്നുവെന്ന് കരുതുക, നമ്മൾ ദൈവത്തിനാണോ അതോ നമ്മുടെ യജമാനനാണോ ഇഷ്ടപ്പെടെണ്ടത്  എന്ന് തീരുമാനിക്കേണ്ടത് നമ്മളാണ്. തിരഞ്ഞെടുപ്പ് പൂർണ്ണമായും നമ്മുടേതാണ്. സത്യനിഷ്ഠയിൽ നാം പൂർണ്ണമായും പ്രതിജ്ഞാബദ്ധരായിരിക്കണം.

**പുറപ്പാട് 23:6-8**

**6 നിങ്ങളുടെ ഇടയിലുള്ള ദരിദ്രന്റെ വ്യവഹാരത്തിൽ അവന്റെ ന്യായം മറിച്ചുകളയരുതു.**
**7 കള്ളക്കാര്യം വിട്ടു അകന്നിരിക്ക; കുറ്റമില്ലാത്തവനെയും നീതിമാനെയും കൊല്ലരുതു; ഞാൻ ദുഷ്ടനെ നീതീകരിക്കയില്ലല്ലോ.**
**8 സമ്മാനം കാഴ്ചയുള്ളവരെ കുരുടാക്കുകയും നീതിമാന്മാരുടെ വാക്കുകളെ മറിച്ചുകളകയും ചെയ്യുന്നതുകൊണ്ടു നീ സമ്മാനം വാങ്ങരുതു.**

നുണകൾ അവലംബിച്ച് സത്യത്തെ പ്രതിരോധിക്കണമെന്ന് ചിലപ്പോൾ നാം ചിന്തിക്കുന്നത് രസകരമാണ്! അത് അനാവശ്യമാണ്, കാരണം സത്യം തനിയെ നിലനിൽക്കും, നമ്മുടെ നുണകൾ ഉപയോഗിച്ച് അതിനെ പ്രതിരോധിക്കേണ്ട ആവശ്യമില്ല. ജോലിസ്ഥലത്ത് പലപ്പോഴും സംഭവിക്കുന്ന ഈ സാഹചര്യം പരിഗണിക്കുക-ഒരു സഹപ്രവർത്തകൻ നിങ്ങളെ ഫോണിൽ വിളിക്കുകയുംഅയാൾക്ക് സുഖമാണെങ്കിലും മറ്റെന്തെങ്കിലും ചെയ്യാൻ അവധിയെടുക്കാൻ ആലോചിക്കുന്നതിനാൽ  അയാൾക്ക് സുഖമില്ലെന്ന് ബോസിനെ അറിയിക്കാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങൾ അങ്ങനെ ചെയ്യാൻ സമ്മതിക്കുകയും ബോസിനോട് കള്ളം പറയുകയും ചെയ്യുന്നു. നിങ്ങളുടെ സുഹൃത്തിനെ സഹായിക്കുന്നതിലൂടെ നിങ്ങൾ എന്തെങ്കിലും നല്ലത് ചെയ്യുന്നുണ്ടെന്ന് നിങ്ങൾ വിചാരിച്ചേക്കാം, എന്നാൽ നിങ്ങളുടെ സുഹൃത്തിന് അസുഖമില്ലെന്നും വ്യക്തിപരമായ ചില ജോലികൾ ചെയ്യാനുണ്ടെന്നും അറിയാവുന്നതിനാൽ നിങ്ങൾ കള്ളം പറയുകയാണ്. അവന്റെ നുണയിൽ നിങ്ങൾ അവനോടൊപ്പം പങ്കാളിയായി എന്നതാണ് വസ്തുത. പുറപ്പാട് 23:7 നമ്മോട് പറയുന്നത് തെറ്റായ കാര്യങ്ങളിൽ നിന്ന് അകന്നു നിൽക്കാനാണ്. വെറുതെ ഇത്തരം കാര്യങ്ങളിൽ

ഇടപെടരുത്. ബോസിനോട് സത്യം പറയണമെന്നു നിങ്ങളുടെ സഹപ്രവർത്തകനോട് പറയാനുള്ള ധൈര്യം കാണിക്കുക. നമ്മൾ നമ്മുടെ സുഹൃത്തുക്കൾക്ക് ഒരു ഉപകാരം ചെയ്യുന്നുവെന്ന് കരുതി നമ്മൾ ചിലപ്പോൾ അത്തരം കാര്യങ്ങളിൽ ഏർപ്പെടുന്നു. അല്ല, നമുക്കങ്ങനെ ചെയ്യാനാവില്ല!

**സങ്കീർത്തനങ്ങൾ 34:13**

**ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊൾക;**

നമ്മുടെ നാവിനെ നിയന്ത്രിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു (സങ്കീർത്തനം 34:13). നമ്മുടെ നാവ് നമ്മുടെ നിയന്ത്രണത്തിലാണെന്നും പിശാചിന്റെ നിയന്ത്രണത്തിലല്ലെന്നും ഓർക്കുക. "പിശാച് എന്നെക്കൊണ്ട് കള്ളം പറയിപ്പിച്ചു" എന്ന് പറഞ്ഞ് ചിലർ സ്വയം ഒഴികഴിവ് പറയുന്നു. അവർ കള്ളം പറഞ്ഞു എന്നതാണ് സത്യം. ഇപ്പോൾ അടിമത്തത്തിൽ കഴിയുന്ന ചില ആളുകളുണ്ടാകാം, അവിടെ പിശാച് അവരെ അനിയന്ത്രിതമായ നുണയുടെ തലത്തിലേക്ക് സ്വാധീനിക്കുന്നു, എന്നാൽ യേശുവിന്റെ നാമത്തിൽ ഈ ബന്ധനം തകർക്കാൻ കഴിയും. എന്നിരുന്നാലും, ആത്യന്തികമായി നമ്മുടെ നാവുകൾ നമ്മുടെ നിയന്ത്രണത്തിലാണ്. കള്ളം പറയുന്ന ശീലമുള്ളതിനാൽ പിശാചിനെയോ മാതാപിതാക്കളെയോ ബന്ധുക്കളെയോ നാം വളർത്തപ്പെട്ട ചുറ്റുപാടുകളെയോ കുറ്റപ്പെടുത്തരുത്. നമ്മുടെ നാവിനെ നിയന്ത്രിക്കാൻ നാം പഠിക്കണം.

കള്ളം പറയുമ്പോൾ നമ്മൾ ഉപയോഗിക്കുന്ന മറ്റൊരു ഒഴികഴിവ് ഇതാണ്, “ദൈവത്തിന് എന്റെ ഹൃദയം അറിയാം. ഞാൻ കുറച്ച് കള്ളം പറഞ്ഞെങ്കിലും ഞാൻ വളരെ ആത്മാർത്ഥതയുള്ളവനാണ്. ” ഇത് മറ്റുള്ളവരെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കുന്നില്ല. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ മാത്രമല്ല, മനുഷ്യരുടെ മുമ്പിലും നാം സത്യസന്ധരായിരിക്കണമെന്ന് പുതിയ നിയമം നമ്മെ പഠിപ്പിക്കുന്നു. “ദൈവം എന്നെ കാണുന്നു, എന്റെ ഹൃദയത്തെ അറിയുന്നു” എന്നു പറഞ്ഞാൽ മാത്രം പോരാ. നാം മനുഷ്യരുടെ മുമ്പിൽ സത്യസന്ധരായിരിക്കണമെന്നും ബൈബിൾ പറയുന്നു. "*ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യാതെ സകലമനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി,*" (റോമർ

12:17,). ഉദാഹരണത്തിന്, ഒരു വ്യക്തിക്ക് വലിയ ആവശ്യമുണ്ടെങ്കിൽ, അയാൾക്ക് മറ്റൊരാളിൽ നിന്ന് മോഷ്ടിക്കാനും "ദൈവത്തിന് എന്നെയും എന്റെ സാഹചര്യത്തെയും അറിയാം. ഞാൻ സാധാരണയായി ഇത് ചെയ്യുമായിരുന്നില്ല, പക്ഷേ എന്റെ വലിയ ആവശ്യം കൊണ്ടാണ് ഞാൻ ഇത് ചെയ്തത് എന്ന ഒഴികഴിവ് പറയാനും കഴിയില്ല,. ആവശ്യം വലുതായതുകൊണ്ട് ദൈവം മോഷണത്തെ ക്ഷമിക്കില്ല, മനുഷ്യനും അത് ചെയ്യില്ല!

**2 കൊരിന്ത്യർ 8:21**

**ഞങ്ങൾ നടത്തിവരുന്ന ഈ ധർമ്മശേഖരകാര്യത്തിൽ ആരും ഞങ്ങളെ അപവാദം പറയാതിരിപ്പാൻ സൂക്ഷിച്ചുകൊണ്ടു ഞങ്ങൾ കർത്താവിന്റെ മുമ്പാകെ മാത്രമല്ല മനുഷ്യരുടെ മുമ്പാകെയും യോഗ്യമായതു മുൻകരുതുന്നു.**

തനിക്ക് നൽകിയ വഴിപാടുകൾ ശേഖരിക്കാൻ താൻ പോയതെങ്ങനെയെന്നും സഭകൾ നൽകിയ സാമ്പത്തികം എങ്ങനെയാണ് കൈകാര്യം ചെയ്തതെന്നും പൗലോസ് വിശദീകരിക്കുന്നു. അവൻ സ്വയം വലിയ ഗൗരവത്തോടെ ഇടപെടുകയായിരുന്നു. ദൈവത്തോടും തന്നെ ഭരമേല്പിച്ച ആളുകളോടും കണക്കു കൊടുക്കണമെന്ന ബോധത്തോടെയാണ് താൻ പണം കൈകാര്യം ചെയ്തത്. തന്റെ എല്ലാ ഇടപാടുകളും ദൈവത്തിന്റെ മുമ്പാകെ മാത്രമല്ല, മനുഷ്യരുടെ മുമ്പിലും സത്യസന്ധമായിരിക്കണമെന്ന് പൗലോസ് ആഗ്രഹിച്ചു.

അതുകൊണ്ടാണ് ഓൾ പീപ്പിൾസ് ചർച്ചിൽ, ഞങ്ങളുടെ എല്ലാ അക്കൗണ്ട് ബുക്കുകളും ശെരിയായി സൂക്ഷിക്കാൻ ഞങ്ങൾ പരമാവധി ശ്രമിക്കുന്നത്. എല്ലാ സാമ്പത്തിക ഇടപാടുകളുടെയും എല്ലാ ബില്ലുകളും വിശദാംശങ്ങളും സൂക്ഷിക്കണമെന്ന് ഞങ്ങൾ നിർബന്ധിക്കുന്നു, അങ്ങനെ ആരെങ്കിലും ഞങ്ങളെ ചോദ്യം ചെയ്താലും ഞങ്ങളുടെ പക്കൽ എല്ലാ രേഖകളും സുരക്ഷിതമായിരിക്കും. ദൈവത്തോടും മനുഷ്യനോടും കണക്കു ബോധിപ്പിക്കാനുള്ള ഒരു സ്ഥാനത്തായിരിക്കാൻ നാം ആ അധിക പരിശ്രമം നടത്തേണ്ടതുണ്ട്.

**എഫെസ്യർ 4:25**

**ആകയാൽ ഭോഷ്കു ഉപേക്ഷിച്ചു ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ.**

“കർത്താവിനെ സ്തുതിക്കുക!” എന്ന് നാം പരസ്പരം പറയുകയും സഭയിൽ പരസ്പരം നുണ പറയുന്നത് തുടരുകയും ചെയ്യുന്നത് വിചിത്രമാണ്. ബൈബിൾ നമ്മോട് ആവശ്യപ്പെടുന്നത് കള്ളം വെടിഞ്ഞ് പരസ്പരം സത്യം സംസാരിക്കാനാണ്- നാമെല്ലാം ക്രിസ്തുവിന്റെ ശരീരത്തിലുള്ളവരാണ്, നമ്മൾ പരസ്പരം സത്യം സംസാരിക്കണം.

**1 പത്രോസ് 2:12**

**നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശനദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്നു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു.**

ലോകജനത നമ്മളെ നിരീക്ഷിക്കുമ്പോഴും നമ്മൾ സത്യസന്ധരാണെന്ന് തിരിച്ചറിയാൻ അവർക്ക് കഴിയണം. അതാണ് നമ്മൾ കാത്തുസൂക്ഷിക്കേണ്ട സത്യനിഷ്ഠയുടെയും സത്യസന്ധതയുടെയും തലം, കാരണം അവർ നമ്മെ നോക്കുമ്പോൾ നമുക്ക് നേരെ വിരൽ ചൂണ്ടാൻ അവർക്ക് ഒരു കാരണവുമുണ്ടായിരിക്കില്ല.

# 2. ദൈവം നമ്മുടെ സത്യനിഷ്ഠയെ പരിശോധിക്കുകയും അറിയുകയും ചെയ്യുന്നു (അല്ലെങ്കിൽ അതിന്റെ അഭാവം!)

ദൈവം നമ്മുടെ സത്യനിഷ്ഠയെ പരിശോധിക്കുകയും അറിയുകയും ചെയ്യുന്നു. നമ്മുടെ പാസ്റ്റർമാർക്ക് ഒരിക്കലും നമ്മുടെ സത്യനിഷ്ഠയുടെ നിലവാരം അറിയില്ലായിരിക്കാം. നമ്മുടെ ബയോഡാറ്റയിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തുകയും ഞായറാഴ്ച രാവിലെ സഭയിൽ പോയി ദൈവത്തെ ആരാധിക്കുകയും ചെയ്താലും  നമ്മുടെ പാസ്റ്റർമാർക്ക് അത് ഒരിക്കലും അറിയാനാവില്ലായിരിക്കാം. എന്നാൽ ദൈവം അറിയുന്നു. നമ്മുടെ സത്യനിഷ്ഠതയേയോ അതിന്റെ അഭാവത്തെയോ അവനറിയാം. ദാവീദ് രാജാവ് പറയുന്നു: "യഹോവേ, എന്റെ നീതിക്കും പരമാർത്ഥതെക്കും തക്കവണ്ണം എന്നെ വിധിക്കേണമേ;" (സങ്കീർത്തനം 7:8b).

തിരുവെഴുത്തുകളിൽ ദാവീദ് പ്രാർത്ഥിക്കുന്നു: “*യഹോവേ, എനിക്കു ന്യായം പാലിച്ചു തരേണമേ; ഞാൻ എന്റെ നിഷ്കളങ്കതയിൽ നടക്കുന്നു; ഞാൻ ഇളകാതെ യഹോവയിൽ ആശ്രയിക്കുന്നു.യഹോവേ, എന്നെ പരീക്ഷിച്ചു ശോധന ചെയ്യേണമേ; എന്റെ അന്തരംഗവും എന്റെ ഹൃദയവും പരിശോധിക്കേണമേ.*” (സങ്കീർത്തനം 26:1,2). എത്ര ശക്തമായ പ്രാർത്ഥന! ദാവീദ് നിഷ്കളങ്കതയിൽ നടന്നതിനാൽ, തനിക്ക് ന്യായം പാലിച്ചു തരാൻ ദൈവത്തോട് പ്രാർത്ഥിക്കാൻ അവനു കഴിഞ്ഞു. പലപ്പോഴും നമ്മൾ പറയും, "ഞാൻ കള്ളം പറയില്ലെന്ന് എന്റെ ബോസിനോട് പറഞ്ഞാൽ, എന്റെ ജോലി നഷ്ടപ്പെടാം." നിങ്ങൾ സത്യസന്ധനായതിനാൽ നിങ്ങളുടെ ജോലി നഷ്ടപ്പെടുന്ന അവസ്ഥയിലാണെങ്കിൽ ദൈവത്തെ സ്തുതിക്കുക, കാരണം ദാവീദ് പ്രാർത്ഥിച്ചതുപോലെ നിങ്ങൾക്ക് പ്രാർത്ഥിക്കാനും നിങ്ങളെ ന്യായീകരിക്കാൻ കർത്താവിനോട് അപേക്ഷിക്കാനും കഴിയും.

എന്നിരുന്നാലും, നാം സത്യനിഷ്ഠയോടെ നടക്കുന്നില്ലെങ്കിൽ, നമ്മെ ന്യായീകരിക്കാൻ നമുക്ക് ദൈവത്തോട് അപേക്ഷിക്കാനാവില്ല. സങ്കീർത്തനക്കാരനെപ്പോലെ, ഞങ്ങൾ നേരായി നടന്നു, സത്യസന്ധമായി പ്രവർത്തിച്ചു, ശരിയാണെന്ന് നമുക്കറിയാവുന്ന കാര്യങ്ങൾ ചെയ്തുവെന്ന് പറയാൻ നമുക്ക് കഴിയണം, തുടർന്ന് നമുക്ക് വേണ്ടി പോരാടാൻ ദൈവത്തോട് ആവശ്യപ്പെടുക.

**യിരെമ്യാവ് 23:23-24**

**23 ഞാൻ സമീപസ്ഥനായ ദൈവം മാത്രം ആകുന്നുവോ? ദൂരസ്ഥനായ ദൈവവുമല്ലയോ? എന്നു യഹോവയുടെ അരുളപ്പാടു.**
**24 ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്തു ഒളിപ്പാൻ കഴിയുമോ? എന്നു യഹോവയുടെ അരുളപ്പാടു; ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ എന്നു യഹോവയുടെ അരുളപ്പാടു.**

ദൈവം തിരുവെഴുത്തുകളിൽ രസകരമായ ഒരു ചോദ്യം ചോദിക്കുന്നു - "*ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്തു ഒളിപ്പാൻ കഴിയുമോ?*" (യിരെമ്യാവ് 23:24എ). നമുക്ക് സ്വയം മറഞ്ഞിരിക്കാനും നമ്മുടെ സത്യസന്ധമല്ലാത്ത പ്രവൃത്തികൾ ചെയ്യാനും ദൈവം നമ്മെ നിരീക്ഷിക്കുന്നില്ലെന്ന് ഒരു നിമിഷം പോലും ചിന്തിക്കാനും കഴിയില്ല. തീർച്ചയായും, മറ്റൊരു മനുഷ്യനും നമ്മെ നിരീക്ഷിക്കുന്നുണ്ടാകില്ല, പക്ഷേ ദൈവം നമ്മെ നിരീക്ഷിക്കാത്ത ഒരു രഹസ്യ സ്ഥലവും ഭൂമിയിൽ ഇല്ല. കംപ്യൂട്ടറിനു പുറകിലിരുന്ന് പ്രതിമാസ റിപ്പോർട്ടിൽ പലതരം നുണകൾ എഴുതി ആരും ഒന്നും അറിയില്ലെന്ന് കരുതിയേക്കാം. എന്നാൽ ദൈവം നിരീക്ഷിക്കുന്നുണ്ടെന്ന് ഓർക്കുക. അവൻ നമ്മുടെ ഹൃദയത്തിന്റെ നിർമലത (integrity) അറിയുകയും പരിശോധിക്കുകയും ചെയ്യുന്നു.

**എബ്രായർ 4:13**

**അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളതു.**

ദൈവത്തിൽ നിന്ന് നമുക്ക് മറച്ചുവെക്കാൻ കഴിയുന്ന ഒന്നും തന്നെയില്ല. നേരോടെയും നിർമലതയോടെയും ജീവിക്കാൻ നമ്മെ സഹായിക്കുന്ന ഒരു വിശുദ്ധ ദൈവഭയം ഉള്ള ഒരു സ്ഥലത്തേക്ക് നാം വരേണ്ടതുണ്ട്.

## 3. എന്തുകൊണ്ടാണ് നമ്മൾ ഇപ്പോഴും നമ്മുടെ സത്യനിഷ്ഠയിൽ വിട്ടുവീഴ്ച ചെയ്യുന്നത്?

നമ്മളിൽ പലർക്കും ഇതുവരെ വായിച്ചതെല്ലാം പരിചിതമാണ്. കള്ളം പറയുന്നത് തെറ്റാണെന്നും സത്യസന്ധരായിരിക്കണമെന്നും നേരോടെ നടക്കണമെന്നും കുട്ടിക്കാലം മുതലേ നമ്മളെ പഠിപ്പിച്ചിട്ടുണ്ട്. ഇതുവരെ പരാമർശിച്ചിരിക്കുന്ന മിക്ക തിരുവെഴുത്തുകളും നമുക്ക് പരിചിതമായിരിക്കാം. നമ്മുടെ ബൈബിളുകളിൽ പോലും അവയെ ഹൈലൈറ്റ് ചെയ്തിട്ടുണ്ടാകാം!

എന്നാൽ നമ്മൾ സ്വയം ഈ ചോദ്യങ്ങൾ ചോദിക്കേണ്ടതുണ്ട്:

- ✓ എന്തുകൊണ്ടാണ് നമ്മൾ ഇപ്പോഴും കള്ളം പറയുന്നത്?
- ✓ നമ്മൾ വളരെക്കാലമായി ക്രിസ്ത്യാനികളാണെങ്കിലും, നമ്മുടെ ജോലിയിലും ശുശ്രൂഷയിലും മറ്റും ഇപ്പോഴും സത്യസന്ധതയില്ലാത്തത് എന്തുകൊണ്ടാണ്? പലപ്പോഴും, നമ്മൾ ഒരു പ്രത്യേക ആവശ്യത്തിനായി പണം സ്വരൂപിക്കുന്നുവെന്ന് ആളുകളോട് പറയുകയും മറ്റെന്തെങ്കിലും കാര്യങ്ങൾക്കായി പണം ഉപയോഗിക്കുകയും ചെയ്യുന്നു.
- ✓ ഇവയെല്ലാം അറിയുകയും വചനത്തിൽ ഇവയെക്കുറിച്ചെല്ലാം വായിക്കുകയും ചെയ്യുന്ന ദൈവജനം എന്തുകൊണ്ടാണ് ഇപ്പോഴും സത്യസന്ധരല്ലാത്തത്?

നമ്മൾ സത്യസന്ധതയില്ലാതെ തുടരുന്നതിന് ചില കാരണങ്ങളുണ്ട്. നമ്മുടെ ജീവിതത്തിൽ സത്യനിഷ്ഠയും സത്യസന്ധതയും നേരും നിലനിർത്തുന്നതിൽ നിന്ന് നമ്മെ തടയുന്ന കാരണങ്ങൾ ഇവയാണ്. സാധ്യമായ ചില കാരണങ്ങൾ ഇതാ:

## ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥ ഭയമില്ലാതിരിക്കുക - ദൈവത്തിന്റെ കൃപ നിസ്സാരമായി എടുക്കുക

ദൈവത്തിന്റെ ക്ഷമ, കരുണ, അചഞ്ചലമായ സ്നേഹം, നന്മ എന്നിവയെക്കുറിച്ച് സംസാരിക്കുന്ന വാക്യങ്ങൾ നമുക്ക് ചിലപ്പോൾ

വളരെ പരിചിതമായിത്തീരുന്നു. നമ്മൾ നുണ പറയുകയും സത്യസന്ധതയില്ലാത്തവരായിരിക്കുകയും ചെയ്യുമ്പോഴും ദൈവം നമ്മോട് ക്ഷമിക്കുമെന്ന് നമുക്ക് തോന്നുന്നു. നമ്മുടെ ജീവിതത്തിൽ യഥാർത്ഥ ദൈവഭയം ഇല്ല. *"ദയയും വിശ്വസ്തതയുംകൊണ്ടു അകൃത്യം പരിഹരിക്കപ്പെടുന്നു; യഹോവാഭക്തികൊണ്ടു മനുഷ്യർ ദോഷത്തെ വിട്ടകലുന്നു."* (സദൃശവാക്യങ്ങൾ 16:6). കർത്താവിനോടുള്ള ആത്മാർത്ഥമായ ഭയം മാത്രമേ ഒരു വ്യക്തിയെ തിന്മയിൽ നിന്ന് അകറ്റാൻ സഹായിക്കൂ. പാപം- സത്യസന്ധതയില്ലായ്മ, നുണ, അനീതി എന്നിവയിൽ  നിന്ന് മാറി നിൽക്കാൻ നാം അവനെ വളരെയധികം ഭയപ്പെടുകയും ബഹുമാനിക്കുകയും വേണം. ദൈവഭയം ഇല്ലെങ്കിൽ, നമുക്ക് ഇഷ്ടമുള്ളത് നമ്മൾ ചെയ്യും. നാം ദൈവകൃപയിൽ ആശ്രയിക്കുന്നുവെന്നത് ശരിയാണ്, എന്നാൽ അതേ സമയം നമ്മുടെ ഹൃദയത്തിൽ കർത്താവിനോടുള്ള ഭയം ഉണ്ടായിരിക്കണം.

ചില ശുശ്രൂഷകരും വചന പ്രസംഗകരും തങ്ങളുടെ ജീവിതത്തിൽ ദൈവഭയം ഇല്ലാത്തവരും പ്രസംഗപീഠത്തിൽ നിന്ന് ഇറങ്ങുമ്പോൾ കള്ളം പറയാനും എല്ലാത്തരം തെറ്റായ കാര്യങ്ങൾ ചെയ്യാനും മടിക്കാത്തത് സങ്കടകരമാണ്. ദൈവത്തിന്റെ ശുശ്രൂഷകരായ നമുക്ക് ദൈവഭയം ഇല്ലെങ്കിൽ, ദൈവഭയം ഉണ്ടായിരിക്കാൻ നാം എങ്ങനെ ആളുകളെ പഠിപ്പിക്കും? കർത്താവിനെ ഭയപ്പെടുന്ന ഒരു സ്ഥലത്തേക്ക്/സ്ഥാനത്തേക്ക് നാം വരേണ്ടതുണ്ട്.

## മനുഷ്യനോടുള്ള ഭയം

ആളുകളെ ഭയന്ന് ചിലപ്പോൾ നമ്മൾ കള്ളം പറയും-സത്യം പറഞ്ഞാൽ അവർ എങ്ങനെ പ്രതികരിക്കുമെന്ന് നമ്മൾ ഭയപ്പെടുന്നു. മനുഷ്യനോടുള്ള നമ്മുടെ ഭയത്തെ നാം മറികടക്കേണ്ടതുണ്ട്! നമ്മൾ ആരുമായി ഇടപെട്ടാലും സത്യം സംസാരിക്കാനും നീതിയിൽ നടക്കാനും ധൈര്യമുള്ളവരായിരിക്കണം!

## അനന്തരഫലങ്ങളെക്കുറിച്ചുള്ള ഭയം

"ഈ അവസ്ഥയിൽ ഞാൻ സ്വയം കള്ളം പറഞ്ഞില്ലെങ്കിൽ, ഞാൻ അതിൽ കുടുങ്ങിപ്പോകും, അതിനാൽ ഞാൻ എന്റെ വഴിയിൽ ആയിരിക്കുന്നതാണ് നല്ലത്" എന്നതാണ് നുണ പറയുന്നതിന്

ആളുകൾക്കുള്ള മറ്റൊരു ഒഴികഴിവ്. അനന്തരഫലങ്ങൾ കണക്കിലെടുക്കാതെ സത്യസന്ധമായി നടക്കാൻ നാം ധൈര്യമുള്ളവരായിരിക്കണം. ഓർക്കുക, നാം സത്യസന്ധമായി നടക്കുമ്പോൾ, ദൈവം നമ്മുടെ പക്ഷത്തുണ്ട്!

## പ്രശസ്തി/അഭിമാനം

ചിലപ്പോഴൊക്കെ നമ്മൾ നുണ പറയാറുണ്ട്, കാരണം നമ്മുടെ പ്രശസ്തിയും അഭിമാനവും അപകടത്തിലാകുന്നു. ഉദാഹരണത്തിന്, നാം പരീക്ഷകളിൽ വിജയിച്ചിട്ടുണ്ടോ എന്ന് ആരെങ്കിലും നമ്മോട് ചോദിക്കുമ്പോൾ, അത് ശരിയല്ലെങ്കിലും "അതെ" എന്ന് നമ്മൾ പറഞ്ഞേക്കാം.

## ദൃഢവിശ്വാസത്തിന് പകരം സൗകര്യം അനുസരിച്ച് ജീവിക്കുക

ദൃഢവിശ്വാസത്തിന് പകരം സൗകര്യത്തിനനുസരിച്ച് ജീവിക്കാനുള്ള  പ്രവണത നാം കാണിക്കുന്നു, കാരണം ദൃഢവിശ്വാസത്തോടെ ജീവിക്കാൻ വളരെയധികം പരിശ്രമം ആവശ്യമാണ്. എല്ലായ്പ്പോഴും സത്യം പറയണം എന്ന് ബോധ്യമായാൽ എന്ത് വിലകൊടുത്തും സത്യം പറയണം. സൗകര്യം പറയുന്നു: "എളുപ്പമാണെങ്കിൽ ഞാൻ സത്യം സംസാരിക്കും; ബുദ്ധിമുട്ടാണെങ്കിൽ, ഞാൻ എന്റെ വഴിയിൽ മുന്നോട്ടു പോകും. നിങ്ങൾ ദൃഢവിശ്വാസത്തോടെ ജീവിക്കുമെന്ന് ദയവായി സ്വയം പറയൂ! സൗകര്യത്തിനല്ല, ദൃഢവിശ്വാസത്തോടെ ജീവിക്കണം. ദൃഢവിശ്വാസവും സത്യവും സത്യസന്ധതയും ഉള്ള സ്ത്രീകളും പുരുഷന്മാരും ആയിരിക്കണമെന്ന് നമുക്ക് ബോധ്യമുണ്ടായിരിക്കണം.

## അതൃപ്തിപ്പെടുത്താൻ / വേദനിപ്പിക്കാൻ ഭയപ്പെടുന്നു

അവർ സംസാരിക്കുന്ന വ്യക്തിയെ വേദനിപ്പിക്കാൻ ആഗ്രഹിക്കാത്തതിനാൽ ചിലപ്പോൾ ആളുകൾ കള്ളം പറയുന്നു.

ഒരു നുണ ഒരു നുണയാണ് - നിങ്ങൾ അത് ഒരു നല്ല ഉദ്ദേശ്യത്തോടെ ചെയ്തതാണെങ്കിൽ പോലും!

## മൂടിവെച്ച് നല്ലവരാകാൻ ശ്രമിക്കുന്നു

ഒരു സുഹൃത്തിനെ മറയ്ക്കാൻ ശ്രമിക്കുമ്പോൾ ചിലപ്പോൾ ആളുകൾ കള്ളം പറയും. ഒരു നുണ ഒരു നുണയാണ് - നിങ്ങൾ എത്ര ആത്മാർത്ഥത പുലർത്തിയാലും! ഇത് ഓർക്കുക: സത്യത്തിന് സ്വയം നിൽക്കാൻ കഴിയും. നുണകൾ കൊണ്ട് സത്യത്തെ പ്രതിരോധിക്കേണ്ട ആവശ്യമില്ല!

## 4. സത്യസന്ധതയില്ലായ്മയുടെ അനന്തരഫലങ്ങൾ

സത്യനിഷ്ഠയിൽ നാം വിട്ടുവീഴ്ച ചെയ്യാനുള്ള മറ്റൊരു കാരണം, അതിന്റെ അനന്തരഫലങ്ങളുടെ ഗൗരവം നമുക്ക് ശരിക്കും മനസ്സിലാകാത്തതാണ്. ദൈവത്തോട് ക്ഷമ ചോദിക്കാൻ പോയാൽ എല്ലാം ശരിയാകുമെന്ന് പലപ്പോഴും നമ്മൾ കരുതുന്നു. തീർച്ചയായും, ദൈവം നമ്മോട് ക്ഷമിക്കുന്നു, എന്നാൽ നാം അനന്തരഫലങ്ങളിലൂടെ ജീവിക്കണം. എല്ലാ അനന്തരഫലങ്ങളും ദൈവം മാറ്റാൻ പോകുന്നില്ല. നാം വിതച്ചതിന്റെ ഫലം നാം കൊയ്യണം. സത്യസന്ധതയില്ലായ്മയുടെ അനന്തരഫലങ്ങൾ നാം പൂർണ്ണമായി മനസ്സിലാക്കേണ്ടതുണ്ട്. നമുക്ക് ചില തിരുവെഴുത്തുകൾ നോക്കാം:

**സദൃശവാക്യങ്ങൾ 19:5**

**കള്ളസ്സാക്ഷിക്കു ശിക്ഷ വരാതിരിക്കയില്ല; ഭോഷ്കു നിശ്വസിക്കുന്നവൻ ഒഴിഞ്ഞുപോകയുമില്ല.**

പലതവണ, രക്ഷപ്പെടാൻ വേണ്ടി നമ്മൾ നുണകൾ ഉപയോഗിക്കുന്നു. എന്നാൽ "ഭോഷ്കു നിശ്വസിക്കുന്നവൻ ഒഴിഞ്ഞുപോകയുമില്ല" (സദൃശവാക്യങ്ങൾ 19:5 ബി) എന്ന് ദൈവവചനം പറയുന്നതായി നാം തിരിച്ചറിയുന്നില്ല. നുണ പറഞ്ഞുകൊണ്ട് ഒരു പ്രത്യേക സാഹചര്യത്തിൽ നിന്ന് പുറത്തുകടക്കുന്നതിൽ നാം സന്തോഷിച്ചേക്കാം, എന്നാൽ നാം മനസ്സിലാകാത്തത്, പശ്ചാത്തപിച്ച് നമുക്ക് ചുറ്റുമുള്ള കാര്യങ്ങൾ നാം ക്രമീകരിക്കുന്നത് വരെ അത് എത്രയും വേഗം അല്ലെങ്കിൽ പിന്നീട് നമ്മെ പിടികൂടും എന്നുള്ളതാണ്.

• നമ്മൾ പലപ്പോഴും വലിയ കെണികളിൽ അകപ്പെടുകയാണെന്ന് മനസ്സിലാക്കാതെ, ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കള്ളം പറയുന്നു!

**സദൃശവാക്യങ്ങൾ 20:17**

**വ്യാജത്താൽ നേടിയ ആഹാരം മനുഷ്യന്നു മധുരം; പിന്നത്തേതിലോ അവന്റെ വായിൽ ചരൽ നിറയും**

വഞ്ചനയാൽ സമ്പാദിക്കുന്ന അപ്പം തുടക്കത്തിൽ മധുരമുള്ളതായിരിക്കാം, എന്നാൽ അത് വഞ്ചനയാൽ നേടിയതാണെങ്കിൽ, "*വായിൽ ചരൽ നിറയും*" (സദൃശവാക്യങ്ങൾ 20:17b) എന്ന് ബൈബിൾ പറയുന്നു. ആറ് മാസത്തെ മാത്രം പ്രവൃത്തി പരിചയം ഉള്ളപ്പോൾ ആറ് വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടെന്ന് ആരെങ്കിലും തന്റെ ബയോഡാറ്റയിൽ എഴുതുന്നതാണ് ചതി! സത്യസന്ധമല്ലാത്ത വഴികളിലൂടെ സമ്പാദിക്കുന്ന പണം, തുടക്കത്തിൽ മധുരമുള്ളതാണെങ്കിലും, പിന്നീട് വായിൽ ചരൽ പോലെയാകും. സദൃശവാക്യങ്ങൾ 21:6-ലും ഇതേ സത്യം അറിയിക്കുന്നു - *"കള്ളനാവുകൊണ്ടു ധനം സമ്പാദിക്കുന്നതു പാറിപ്പോകുന്ന ആവിയാകുന്നു; അതിനെ അന്വേഷിക്കുന്നവർ മരണത്തെ അന്വേഷിക്കുന്നു."* സത്യസന്ധതയില്ലാതെ നമുക്ക് ലഭിക്കുന്ന സമ്പത്ത് നമ്മെ മരണത്തിലേക്കും നാശത്തിലേക്കും നയിക്കുന്നു, ആ സമ്പത്ത് പെട്ടെന്ന് അപ്രത്യക്ഷമാകുന്നു.

• സത്യസന്ധതയില്ലായ്മ "വേഗത്തിലും എളുപ്പത്തിലും" ഉള്ള ഒരു മാർഗമായി തോന്നിയേക്കാം, എന്നാൽ അതിന്റെ അനന്തരഫലങ്ങൾ ഉടൻ തന്നെ നമ്മെ പിടികൂടും!

**സദൃശവാക്യങ്ങൾ 29:12**

**അധിപതി നുണ കേൾപ്പാൻ തുടങ്ങിയാൽ അവന്റെ ഭൃത്യന്മാരൊക്കെയും ദുഷ്ടന്മാരാകും.**

• നേതൃസ്ഥാനത്തുള്ള ഒരാൾ സത്യസന്ധനല്ലെങ്കിൽ, അവന്റെ കീഴിലുള്ളവരെല്ലാം അതേ പാതയിൽ തന്നെ സഞ്ചരിക്കും!

**ഹോശേയ 10:12-13**

**12 നീതിയിൽ വിതെപ്പിൻ; ദയെക്കൊത്തവണ്ണം കൊയ്യുവിൻ; നിങ്ങളുടെ തരിശുനിലം ഉഴുവിൻ; യഹോവ വന്നു നിങ്ങളുടെ മേല നീതി വർഷിപ്പിക്കേണ്ടതിന്നു അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലോ.**
**13 നിങ്ങൾ ദുഷ്ടത ഉഴുതു, നീതികേടു കൊയ്തു, ഭോഷ്കിന്റെ ഫലം തിന്നിരിക്കുന്നു; നീ നിന്റെ വഴിയിലും നിന്റെ വീരന്മാരുടെ സംഘത്തിലും ആശ്രയിച്ചിരിക്കുന്നു.**

ഹോശേയ 10:12-13 വളരെ രസകരമായ ഒരു സത്യം അറിയിക്കുന്നു. ഓരോ തവണയും നുണ പറയുമ്പോൾ, നാം അനീതിയും അധർമ്മവും വിതയ്ക്കുന്നു, താമസിയാതെ അല്ലെങ്കിൽ പിന്നീട് നമ്മുടെ നുണകളുടെ ഫലം നാം അനുഭവിക്കാൻ പോകുന്നു. നുണകൾ അതിന്റെ ഫലം പുറപ്പെടുവിക്കും, നാം അത് അനുഭവിക്കും. അതിനാൽ, നമ്മുടെ

കള്ളത്തിനും സത്യസന്ധതയ്ക്കും ഒരു അനന്തരഫലമുണ്ടെന്ന് നാം മനസ്സിലാക്കണം.

• നമ്മൾ വിതയ്ക്കുന്ന ഓരോ നുണയ്ക്കും ഒരു "നുണയുടെ ഫലം" ഉണ്ട്!

**യോഹന്നാൻ 8:44**

**നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‍വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കുലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്കു പറയുമ്പോൾ സ്വന്തത്തിൽ നിന്നു എടുത്തു പറയുന്നു; അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു.**

• നമ്മൾ കള്ളം പറയുമ്പോൾ, നമ്മൾ സാത്താന്റെ പ്രവൃത്തികളിൽ പങ്കെടുക്കുന്നു!

കള്ളം പറയുന്നവരെ തീപ്പൊയ്കയിൽ തള്ളിയിടുമെന്ന് ബൈബിൾ പറയുന്നു - അതിന്റെ ഗുരുതരമായ അനന്തരഫലം.

**വെളിപ്പാട് 21:8**

**എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ അറെക്കപ്പെട്ടവർ കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കുപറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ: അതു രണ്ടാമത്തെ മരണം.**

വിശ്വാസത്താലുള്ള കൃപയാൽ നാം രക്ഷിക്കപ്പെട്ടുവെന്ന് ബൈബിൾ പറയുന്നു. കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവിലേക്ക് വരുന്ന ഓരോ വ്യക്തിയും രക്ഷിക്കപ്പെടും, യേശുക്രിസ്തുവിൽ കൃപയും കരുണയും ക്ഷമയും പാപ ക്ഷമയും രക്ഷയും ഉണ്ട്. എന്നിരുന്നാലും, ദൈവം പ്രത്യേകം പരാമർശിച്ച ഒരു ഗുരുതരമായ അനന്തരഫലമുണ്ട്-നമ്മൾ നുണയന്മാരാണെങ്കിൽ നരകത്തിലേക്ക് അയക്കപ്പെടും (വെളിപ്പാട് 21). സാത്താൻ നുണകളുടെ പിതാവാണ്, അവനിൽ സത്യമില്ല (യോഹന്നാൻ 8:44), അതിനാൽ ദൈവം കള്ളം പറയുന്നവരോട് പറയും, "നിങ്ങൾ കള്ളം പറയുന്നത് തുടരുകയാണെങ്കിൽ നിങ്ങളുടെ പിതാവിനൊപ്പം ജീവിക്കൂ!" കള്ളം പറയുകയും സത്യം പറയാതിരിക്കുകയും ചെയ്തതിന്റെ ഗുരുതരമായ അനന്തരഫലം! സത്യസന്ധതയ്ക്ക് ഈ ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലും അതിന്റെ അനന്തരഫലങ്ങൾ ഉണ്ടെന്ന്

നാം മനസ്സിലാക്കേണ്ടതുണ്ട്. "ദൈവമേ എനിക്ക് ദുഷ്ടത വിതയ്ക്കാൻ ആഗ്രഹമില്ല, എന്റെ നുണകളുടെ ഫലം അനുഭവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല" എന്ന് പറയുന്നതിനായി നമ്മെ നയിക്കുന്ന ഒരു വിശുദ്ധ ഭയത്തിന് ഇത് നമ്മെ കാരണമാകണം. അകൃത്യവും ദുഷ്ടതയും കൊയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

• ആത്യന്തികമായ അനന്തരഫലം - നുണയന്മാർ നരകത്തിലേക്ക് പോകുന്നു!

# 5. നീതിമാനായവന്റെ അനുഗ്രഹങ്ങൾ

നേരിലും നീതിയിലും സത്യനിഷ്ഠയിലും നടക്കുന്നവർക്ക് അത്ഭുതകരമായ അനുഗ്രഹങ്ങളുണ്ട്.

## അനുഗ്രഹവും പ്രീതിയും

**സങ്കീർത്തനം 5:12**

**യഹോവേ, നീ നീതിമാനെ അനുഗ്രഹിക്കും; പരിചകൊണ്ടെന്നപോലെ നീ ദയകൊണ്ടു അവനെ മറെക്കും;**

നിങ്ങൾ ഒരു അഭിമുഖത്തിന് പോകുകയാണെന്നും ദൈവത്തിന്റെ പ്രീതിക്കായി പ്രാർത്ഥിക്കുകയാണെന്നും കരുതുക. ദൈവം നീതിമാന്മാരോട് പ്രീതിയുള്ളവനാണെന്ന് ബൈബിൾ പറയുന്നു. നിങ്ങളുടെ ബയോഡാറ്റയിൽ നിങ്ങൾ സത്യസന്ധതയില്ലാത്തവരാണെങ്കിൽ, ദൈവത്തിന്റെ പ്രീതിയെക്കുറിച്ച് നിങ്ങൾക്ക് മറക്കാം, കാരണം അവൻ നീതിമാന്മാരെ അനുഗ്രഹിക്കുമെന്നും നീതിമാനെ പ്രീതികൊണ്ട് മറയ്ക്കുമെന്നും അവൻ പറയുന്നു-അനീതിയുള്ളവരേയും സത്യസന്ധതയില്ലാത്തവരേയും അല്ല, നേരുള്ളവരെ തന്നെ. അതിനാൽ, നമ്മൾ എന്താണ് ചെയ്യേണ്ടത്? ബയോഡാറ്റയിൽ "ആറ് വർഷം" എന്ന് തെറ്റായി എഴുതുന്നതിനുപകരം, നമുക്ക് ആറ് മാസത്തെ അനുഭവപരിചയം ഉണ്ടെന്ന് സത്യസന്ധമായി പറയണം, തുടർന്ന് ആറ് വർഷത്തെ പരിചയമുള്ള ഒരാൾക്ക് ലഭിക്കുന്ന ഒരു ജോലി ലഭിക്കാൻ അവനിൽ ആശ്രയിച്ചിരിക്കുന്നുവെന്ന് ധൈര്യത്തോടെ ദൈവത്തോട് പറയണം. ബയോഡാറ്റയിൽ വ്യാജ വിവരങ്ങൾ എഴുതുന്നതിനുപകരം അതാണ് ശരിയായ കാര്യം. നീതിയുള്ളപ്പോൾ മാത്രമേ ദൈവത്തിന് അവന്റെ പ്രീതി നൽകാൻ കഴിയൂ.

## സംരക്ഷണവും ഉത്തരം ലഭിച്ച പ്രാർത്ഥനയും

സങ്കീർത്തനക്കാരൻ പറയുന്നു, "*നിഷ്കളങ്കതയും നേരും എന്നെ പരിപാലിക്കുമാറാകട്ടെ; ഞാൻ നിങ്കൽ പ്രത്യാശവെച്ചിരിക്കുന്നുവല്ലോ.*" (സങ്കീർത്തനം 25:21). നാം നിഷ്കളങ്കതയിലും നേരോടെയും നടന്നുവെന്ന് ദൈവത്തോട് പറയുകയും അപ്പോൾ നാം സൂക്ഷിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുമെന്നത് നമുക്കറിയാമെന്ന് പറയുകയും ചെയ്യുന്നത് തന്നെയാണ് സുരക്ഷിത സ്ഥാനത്തായിരിക്കുന്നത്!

**സങ്കീർത്തനം 34:15**

**കർത്താവിന്റെ കണ്ണു നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു.**

**സങ്കീർത്തനം 34:17**

**നീതിമാന്മാർ നിലവിളിച്ചു; യഹോവ കേട്ടു. സകലകഷ്ടങ്ങളിൽനിന്നും അവരെ വിടുവിച്ചു..**

**സങ്കീർത്തനം 34:19**

**നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു; അവ എല്ലാറ്റിൽനിന്നും യഹോവ അവനെ വിടുവിക്കുന്നു.**

ഉത്തരം ലഭിക്കുന്ന പ്രാർത്ഥനയും സംരക്ഷണവും നീതിമാന്മാർക്കുള്ളതാണ്. ഈ നിലപാട് സ്വീകരിക്കുമ്പോൾ നമുക്ക് ഒരുപാട് കഷ്ടതകൾ നേരിടേണ്ടി വന്നേക്കാമെങ്കിലും, അവയിൽ നിന്നെല്ലാം ദൈവം നമ്മെ വിടുവിക്കും.

## സ്ഥിരമായ സുരക്ഷ

**സദൃശവാക്യങ്ങൾ 12:19**

**സത്യം പറയുന്ന അധരം എന്നേക്കും നിലനില്ക്കും; വ്യാജം പറയുന്ന നാവോ മാത്രനേരത്തേക്കേയുള്ളു..**

സത്യം നിലനിൽക്കുന്നു! നുണകൾ ഇന്ന് അവരുടെ ലക്ഷ്യം നിറവേറ്റിയേക്കാം, പക്ഷേ നാളെ അവ ഇല്ലാതാകും. നമുക്ക് അവരെ ആശ്രയിക്കാൻ കഴിയില്ല. ആദ്യത്തെ നുണ നിലനിർത്താൻ നമ്മൾ കൂടുതൽ നുണകൾ സൃഷ്ടിക്കേണ്ടതുണ്ട്. നുണയിൽ സുരക്ഷിതത്വമില്ല. എന്നിരുന്നാലും, നാം സത്യം സംസാരിക്കുമ്പോൾ, നമുക്ക് സുരക്ഷിതത്വം അനുഭവപ്പെടുകയും നാം സുരക്ഷിതരായിരിക്കുകയും

ചെയ്യുന്നു. സ്വയം പ്രതിരോധിക്കേണ്ട ആവശ്യമില്ല, കാരണം സത്യം സ്വയം പ്രതിരോധിക്കുന്നു!

## വ്യക്തത/പ്രകാശം

**സങ്കീർത്തനം 97:11**

**നീതിമാന് പ്രകാശവും പരമാർത്ഥഹൃദയമുള്ളവർക്കു സന്തോഷവും ഉദിക്കും.**

നാം നീതിയിൽ നടക്കുമ്പോൾ, നമ്മുടെ പാതകളിൽ ദൈവത്തിന്റെ പ്രകാശം വീഴുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. നാം നീതിയിൽ നടക്കാത്തപ്പോൾ, പാത മുഴുവൻ ഇരുണ്ടതാണെന്നും ഭാവി ഇരുണ്ടതാണെന്നും നമുക്ക് പരാതിപ്പെടാൻ കഴിയില്ല. ഇങ്ങനെ ചിന്തിക്കുക-നാം കള്ളം പറയുമ്പോഴെല്ലാം, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ വെളിച്ചം "അണയ്ക്കുന്നു", നീതിയിൽ നടക്കുമ്പോഴെല്ലാം നാം വെളിച്ചം "കൊളുത്തുന്നു" അങ്ങനെ നമുക്ക് പാത വ്യക്തമായി കാണാൻ കഴിയും!

## പൈതൃകം

**സദൃശവാക്യങ്ങൾ 20:7**

**പരമാർത്ഥതയിൽ നടക്കുന്നവൻ നീതിമാൻ; അവന്റെ ശേഷം അവന്റെ മക്കളും ഭാഗ്യവാന്മാർ.**

നാം നമ്മുടെ സത്യനിഷ്ഠയിൽ നടക്കുമ്പോൾ, നമ്മുടെ മക്കൾക്ക് നാം ഒരു അനുഗ്രഹം അവശേഷിപ്പിക്കുന്നു. നേരെമറിച്ച്, നാം സത്യനിഷ്ഠയോടെ നടക്കാത്തപ്പോൾ, നമ്മുടെ മക്കൾക്ക് ഒരു ശാപം ബാക്കിവെക്കുന്നു. നാം സത്യനിഷ്ഠയോടെ നടക്കുന്നുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ചാണ് നാം നമ്മുടെ മക്കൾക്ക് കൊടുക്കുന്ന പൈതൃകം നിർണ്ണയിക്കുന്നത്.

# 6. പ്രതികരണം- വിടുതൽ, പശ്ചാത്താപം, പരിത്യാഗം, വിശുദ്ധീകരണം

## നുണ പറയുന്ന ആത്മാവിന്റെ ബന്ധനങ്ങൾ തകർക്കുക

സത്യം അറിയാവുന്ന ഒരിടത്ത് നിന്ന് അത് നമ്മുടെ ജീവിതത്തിൽ പ്രയോഗികമാക്കാനുള്ള സ്ഥാനത്തേക്ക് നാം മാറണം. നിങ്ങളിൽ ചിലർ നുണ പറയുന്നത് രണ്ട് സ്വഭാവം പോലെയുള്ള ഒരു സാഹചര്യത്തിലായിരിക്കാം, നിങ്ങൾ അത് എന്തിനാണ് ചെയ്യുന്നതെന്ന് നിങ്ങൾക്കു തന്നെ അറിയില്ല. ബൈബിളിൽ കുറഞ്ഞത് രണ്ടിടത്തെങ്കിലും വ്യാജാത്മാക്കളെ പരാമർശിക്കുന്നു (1 രാജാക്കന്മാർ 22:22-23; 2 ദിനവൃത്താന്തം 18:21-22). നുണകൾ പ്രോത്സാഹിപ്പിക്കുകയും ആളുകളുടെ സ്വഭാവങ്ങളെയും പെരുമാറ്റങ്ങളെയും സ്വാധീനിക്കുകയും ചെയ്യുന്ന ഭൂതങ്ങൾ ഉണ്ടെന്നാണ് ഇതിനർത്ഥം. നിങ്ങൾ വീണ്ടും ജനിച്ചവരും ആത്മാവ് നിറഞ്ഞവരും അന്യഭാഷകളിൽ സംസാരിക്കുന്നവരുമാകാൻ സാധ്യതയുണ്ട്, പക്ഷേ നിങ്ങൾ ഒരു നുണയന്റെ നിയന്ത്രണത്തിലായിരിക്കാം. ദൈവത്തെ അന്വേഷിക്കുക, അടിമത്തത്തിൽ നിന്ന് വിടുതൽ നേടുക!

## നുണ പറയാനുള്ള നിങ്ങളുടെ മനോഭാവം മാറ്റുക

**സദൃശവാക്യങ്ങൾ 13:5**

**നീതിമാൻ ഭോഷ്കു വെറുക്കുന്നു; ദുഷ്ടനോ ലജ്ജയും നിന്ദയും വരുത്തുന്നു.**

**സങ്കീർത്തനം 119:163**

**ഞാൻ ഭോഷ്കു പകെച്ചു വെറുക്കുന്നു; നിന്റെ ന്യായപ്രമാണമോ എനിക്കു പ്രിയമാകുന്നു.**

സത്യസന്ധത ദൈവമുമ്പാകെ സ്വീകാര്യമല്ലെന്ന് നമ്മിൽ മിക്കവർക്കും അറിയാമെങ്കിലും, മറ്റുള്ളവരിലും നമ്മിലും നാം അതിനോട് സഹിഷ്ണുത പുലർത്തുന്നു. കള്ളം പറയുന്നതിനോട് സഹിഷ്ണുത പുലർത്തുന്നതിൽ നിന്ന് ഏത് തരത്തിലുള്ള

സത്യസന്ധതയില്ലായ്മയോടും ഉള്ള വിശുദ്ധമായ അസഹിഷ്ണുതയുടെ സ്ഥാനത്തേക്ക് നാം മാറേണ്ടതുണ്ട്. നമ്മൾ ആളുകളോട് അസഹിഷ്ണുതയുള്ളവരല്ല, പകരം നുണയും സത്യസന്ധതയില്ലായ്മയും കാണിക്കുന്നതിനോട് നമ്മൾ അസഹിഷ്ണുതയുള്ളവരാകണം. നുണ പറയുന്നത് നാം വെറുക്കണം. ബൈബിൾ പറയുന്നു, "*നീതിമാൻ ഭോഷ്കു വെറുക്കുന്നു*" (സദൃശവാക്യങ്ങൾ 13:5 ബി). നുണ പറയാനുള്ള നമ്മുടെ മനോഭാവം മാറ്റേണ്ടതുണ്ട്. നമ്മുടെ ജീവിതത്തിൽ നിന്ന് കള്ളം പറയുന്നത് മാറ്റാൻ നമുക്ക് ദൈവകൃപ തേടാം. വേദനിക്കുമ്പോഴും സത്യം സംസാരിക്കാൻ നമുക്ക് ദൃഢനിശ്ചയം ചെയ്യാം.

## സത്യസന്ധതയില്ലായ്മയുമായി പങ്കാളിയാകാൻ വിസമ്മതിക്കുക

**സങ്കീർത്തനം 101:7**

**വഞ്ചനചെയ്യുന്നവൻ എന്റെ വീട്ടിൽ വസിക്കയില്ല; ഭോഷ്കു പറയുന്നവൻ എന്റെ മുമ്പിൽ ഉറെച്ചുനിൽക്കയില്ല.**

മറ്റുള്ളവരുടെ സത്യസന്ധതയില്ലായ്മയിൽ പങ്കാളിയാകരുത്. ജോലിസ്ഥലത്തായാലും മറ്റെവിടെയായാലും, വിവിധ തരത്തിലുള്ള പങ്കാളിത്തത്തിൽ നമ്മൾ ആളുകളുമായി പ്രവർത്തിക്കുമ്പോൾ ഇത് വളരെ ശരിയാണ്. ചിലപ്പോഴൊക്കെ മറ്റുള്ളവർ കള്ളം പറയുന്നത് കാണുമ്പോൾ, ആ നുണയ്ക്കെതിരെ സംസാരിക്കാനോ വിസമ്മതിക്കാനോ പകരം നമ്മൾ അതിൽ കക്ഷിയായി തുടരും. അത് ആ വ്യക്തിയുടെ നുണയാണെന്നും നാം അത് പറയാത്തതിനാൽ നാം ശുദ്ധരാണെന്നും നമ്മൾ അനുമാനിക്കുന്നു. ഒരു കൂട്ടാളി എന്ന നിലയിൽ നമ്മളും ആ നുണയിൽ പങ്കാളികളാകുന്നു എന്നതാണ് വസ്തുത.

ഞങ്ങളുടെ സഭ ആരംഭിച്ചതിന്റെ ആദ്യ വർഷം ഒരു വർഷം മുഴുവൻ ഞങ്ങളുടെ എല്ലാ ശുശ്രൂഷകളിലും പ്രാർത്ഥനാ യോഗങ്ങളിലും പരിപാടികളിലും പങ്കെടുത്തിരുന്ന ഒരു ചെറുപ്പക്കാരനെ ഞാൻ ഓർക്കുന്നു. ഞാൻ അവനോട് ഒന്നും പറഞ്ഞില്ലെങ്കിലും അവൻ എന്നെ ശരിക്കും ആകർഷിച്ചു. ഒരു ഞായറാഴ്ച രാവിലെ, ഞാൻ "പ്രതിബദ്ധതയുടെ ശക്തി" എന്ന

വിഷയത്തിൽ പ്രസംഗിക്കുകയും മറ്റ് കാര്യങ്ങൾക്കൊപ്പം സത്യനിഷ്ഠയിൽ പ്രതിജ്ഞാബദ്ധനായിരിക്കണമെന്നു പറയുകയും ചെയ്തു. സഭയിലെ ശുശ്രൂഷയുടെ അവസാനം, ഈ മനുഷ്യൻ എന്നെ സമീപിക്കുകയും താൻ വിദേശത്തുള്ള ഒരു ബൈബിൾ കോളേജിലേക്ക് അപേക്ഷിച്ചിട്ടുണ്ടെന്ന് എന്നെ അറിയിക്കുകയും ചെയ്തു. വിസയ്ക്കും മറ്റ് ആവശ്യങ്ങൾക്കുമായി, കഴിഞ്ഞ ഒരു വർഷമായി താൻ ഓൾ പീപ്പിൾസ് ചർച്ചിൽ പ്രവർത്തിക്കുന്നുണ്ടെന്ന് പ്രസ്താവിക്കുന്ന ഒരു കത്ത് എഴുതാൻ അദ്ദേഹം ആഗ്രഹിച്ചു. സഭ അവനെ ബൈബിൾ കോളേജിൽ പഠിക്കാൻ അയയ്ക്കുകയാണെന്നും കോഴ്സ് പൂർത്തിയാക്കിയ ശേഷം തിരികെ വന്ന് സഭയിൽ പ്രവർത്തിക്കുമെന്നും ഞാൻ പറയണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ കത്തിൽ യുവാവ് ആവശ്യപ്പെട്ടതൊന്നും ശരിയല്ല. ഞാൻ ഞെട്ടിപ്പോയി! മറ്റൊരു ദിവസം എന്നെ കാണാൻ ഞാൻ അവനോട് ആവശ്യപ്പെട്ടു. ഞങ്ങൾ കണ്ടുമുട്ടിയപ്പോൾ, അദ്ദേഹം അത്തരമൊരു അഭ്യർത്ഥന നടത്തുന്നത് പോലും തെറ്റാണെന്ന് ഞാൻ അദ്ദേഹത്തെ ചൂണ്ടിക്കാണിച്ചു. ആ കാലയളവിൽ സഭയിൽ സ്ഥിരമായി വന്നിരുന്നു എന്നുള്ള ഒരു കത്ത് മാത്രമേ ഞാൻ കൊടുക്കൂ എന്ന് ഞാൻ അവനോട് പറയുകയും ആ കത്ത് അവന്റെ കയ്യിൽ കൊടുക്കുകയും ചെയ്തു.

ഇതാണ് ഞാൻ പറയാൻ ശ്രമിക്കുന്നത്. നമുക്ക് പതിവായി സഭയിൽ പോകാം, ധാരാളം സന്ദേശങ്ങൾ കേൾക്കാം, പക്ഷേ ഇപ്പോഴും കള്ളം പറയുകയും അത്തരം സത്യസന്ധമല്ലാത്ത നടപടികളിൽ അവലംബിക്കുകയും ചെയ്യുന്നത് തുടരുകയും ചെയ്യാം. അത്തരം ആളുകളെ കണ്ടുമുട്ടുമ്പോൾ, അവർ ഏത് സഭയിലാണ് പങ്കെടുത്തതെന്നും സത്യനിഷ്ഠയുടെ ആവശ്യകതയെക്കുറിച്ച് അവരെ പഠിപ്പിക്കുന്നുണ്ടോയെന്നും നാം ചിന്തിക്കുന്നു. ക്രിസ്ത്യൻ സഹോദരീസഹോദരന്മാർ സത്യസന്ധതയില്ലാതെയും അനീതിയിലും നടന്ന പല സംഭവങ്ങളും എനിക്ക് ഓർക്കാൻ കഴിയും.

എന്നാൽ ഇപ്പോൾ അതെല്ലാം മാറണം. സത്യസന്ധതയില്ലായ്മയെ സഹിക്കുന്നതിൽ നിന്ന് എല്ലാത്തരം സത്യസന്ധതയില്ലായ്മയേയും വെറുക്കുകയും ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന സ്ഥലത്തേക്ക് നാം മാറേണ്ടതുണ്ട്.

## സമർപ്പണ പ്രാർത്ഥന

സമർപ്പണത്തിന്റെ ഒരു പ്രാർത്ഥന നമുക്ക് പ്രാർത്ഥിക്കാം. സങ്കീർത്തനക്കാരൻ ഇങ്ങനെ പ്രാർത്ഥിച്ചു: "*യഹോവേ, എന്റെ വായക്കു ഒരു കാവൽ നിർത്തി, എന്റെ അധരദ്വാരം കാക്കേണമേ.*" (സങ്കീർത്തനം 141:3), "*ഭോഷ്കിന്റെ വഴി എന്നോടു അകറ്റേണമേ; നിന്റെ ന്യായപ്രമാണം എനിക്കു കൃപയോടെ നല്കേണമേ.*" (സങ്കീർത്തനം 119:29).

നമുക്ക് ദൈവമുമ്പാകെ സത്യനിഷ്ഠയും സത്യസന്ധതയും നീതിയും ഉള്ള ഒരു സ്ഥാനത്തേക്ക് വരാം. നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് നമുക്കറിയാം. ദൈവം കരുണയുടെയും സ്നേഹത്തിന്റെയും ദയയുടെയും ദൈവമാണെന്ന് നമുക്കറിയാം. എന്നിരുന്നാലും, നാം അത് നിസ്സാരമായി കാണരുത്. ദൈവത്തിന്റെ കൃപ ദുരുപയോഗം ചെയ്യരുത്. നാമെല്ലാവരും വ്യത്യസ്ത തലങ്ങളിൽ സത്യസന്ധതയില്ലാത്തവരായതിനാൽ ഈ മേഖലയിൽ നമുക്ക് ദൈവത്തിൽ നിന്ന് ഒരു സ്പർശനം ആവശ്യമാണ്.

# ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി

(എ) നേതാക്കളെ ശക്തിപ്പെടുത്തുക, (ബി) ശുശ്രൂഷയ്ക്കായി യുവാക്കളെ സജ്ജരാക്കുക, (സി) ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ കെട്ടിപ്പടുക്കുക എന്നീ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധകേന്ദ്രീകരിച്ച് ഇന്ത്യയിലുടനീളം പ്രത്യേകിച്ചും വടക്കേ ഇന്ത്യയിലെമ്പാടും എത്തിച്ചേരുന്നതിലൂടെ ഒരു പ്രാദേശിക സഭ എന്നതിന്റെ അതിരുകളും കടന്ന് ഓൾ പീപ്പിൾസ് ചർച്ച് ശുശ്രൂഷകൾ വർത്തിക്കുന്നു. യുവജനങ്ങൾക്കായുള്ള സെമിനാറുകൾ, ക്രിസ്തീയ നേതൃത്വ സെമിനാറുകൾ തുടങ്ങിയ ഒട്ടനേകം സെമിനാറുകൾ വർഷം മുഴുവനും നടത്തുന്നു. അതുകൂടാതെ, വിശ്വാസികൾ വചനത്തിലും ആത്മാവിലും ശക്തരായിത്തീരണം എന്ന ലക്ഷ്യത്തോടെ ഇംഗ്ലീഷിലും ഇന്ത്യയിലെ വ്യത്യസ്തങ്ങളായ ഭാഷകളിലും ആയിരക്കണക്കിന് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി അച്ചടിച്ചു വിതരണം ചെയ്തു.

ഞങ്ങളുമായി പങ്കാളികളാകേണ്ടതിന് സാമ്പത്തികമായി ഒറ്റത്തവണയായോ പ്രതിമാസമായോ സംഭാവനകൾ അയയ്ക്കേണ്ടതിനായി ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാനായി നിങ്ങൾക്ക് അയയ്ക്കുവാൻ കഴിയുന്ന ഏതൊരു തുകയും വളരെ വിലമതിച്ചതായി ഞങ്ങൾ കണക്കാക്കും.

നിങ്ങൾക്ക് ചെക്ക്/ബാങ്ക് ഡ്രാഫ്റ്റ് എന്നിവ വഴിയായി സംഭാവനകൾ “All Peoples Church” എന്ന പേരിൽ മാറാവുന്ന നിലയിൽ ഞങ്ങളുടെ വിലാസത്തിലേക്ക് അയയ്ക്കാവുന്നതാണ്. അതുകൂടാതെ നിങ്ങളുടെ സംഭാവനകൾ ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടും അയയ്ക്കാവുന്നതാണ്.

Account Name: All Peoples Church
Account Number: 0057213809
IFSC Code: CITI0000004
Bank: Citibank N.A., No. 5, M.G. Road, Bengaluru, Karnataka 560001

ദയവായി ശ്രദ്ധിക്കുക: ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യയിൽ അധിഷ്ഠിതമായ ബാങ്കുകളിൽ നിന്നു മാത്രമേ ബാങ്ക് വഴിയുള്ള സംഭാവനകൾ സ്വീകരിക്കുവാൻ കഴിയൂ. നിങ്ങളുടെ സംഭാവന നിങ്ങൾ അയയ്ക്കുമ്പോൾ, ആവശ്യമെങ്കിൽ, നിങ്ങളുടെ സംഭാവന

ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന നിർദ്ദിഷ്ട എപിസി മിനിസ്ട്രി ഏരിയ നിങ്ങൾക്ക് സൂചിപ്പിക്കുവാൻ കഴിയുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ***apcwo.org/give*** സന്ദർശിക്കുക.

കൂടാതെ നിങ്ങൾക്ക് സാധിക്കുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷകൾക്കുമായി പ്രാർത്ഥക്കുവാൻ ഓർമ്മിക്കുമല്ലോ. **നന്ദി, ദൈവം അനുഗ്രഹിക്കട്ടെ.**

## സൌജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival*
A Real Place Called Heaven
A Time for Every Purpose
Ancient Landmarks*
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change*
Code of Honor
Divine Favor*
Divine Order in the Citywide Church
Don’t Compromise Your Calling*
Don’t Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God’s Purpose for Your Life
Gifts of the Holy Spirit
Giving Birth to the Purposes of God*
God Is a Good God
God’s Word—The Miracle Seed
How to Help Your Pastor
Integrity
Kingdom Builders
Laying the Axe to the Root
Living Life Without Strife*
Marriage and Family
Ministering Healing and Deliverance
Offenses-Don’t Take Them
Open Heavens*
Our Redemption
Receiving God’s Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith *
The Conquest of the Mind
The Father’s Love
The House of God
The Kingdom of God
The Mighty Name of Jesus *
The Night Seasons of Life
The Power of Commitment*
The Presence of God
The Redemptive Heart of God
The Refiner’s Fire
The Spirit of Wisdom, Revelation and Power*
The Wonderful Benefits of speaking in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different*
Who We Are in Christ
Women in the Workplace
Work Its Original Design

മുകളിലുള്ള എല്ലാം പ്രസിദ്ധീകരണങ്ങളുടെയും PDF പതിപ്പുകൾ ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ് (apcwo.org/publications). ഇവയിൽ മിക്ക പ്രസിദ്ധീകരണങ്ങളും മറ്റ് ഭാഷകളിലും ലഭ്യമാണ്.
പ്രസിദ്ധീകരണങ്ങളുടെ സൗജന്യ പതിപ്പുകൾ ലഭിക്കുന്നതിനായി bookrequest@apcwo.org ലേക്ക് ഒരു ഇമെയിൽ അയയ്ക്കുക.

*pdf ൽ മാത്രം ലഭ്യമാണ്

സൗജന്യ ദൃശ്യ, ശ്രാവ്യ സന്ദേശങ്ങൾ, പ്രസംഗ കുറിപ്പുകൾ, നിങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന മറ്റ് നിരവധി വിഷയങ്ങൾ എന്നിവയ്ക്കായി ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റ് സന്ദർശിക്കുക (apcwo.org/sermons)

# ഓൾ പീപ്പിൾസ് ചർച്ചിനെക്കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിന്റെ (APC) ദർശനം എന്നത്, ഞങ്ങൾ ബാംഗ്ലൂർ പട്ടണത്തിന്റെ ഉപ്പും വെളിച്ചവും ആയിരിക്കുന്നതോടൊപ്പം ഇന്ത്യയുടെയും ലോകരാജ്യങ്ങളുടെയും ശബ്ദവുമാകുക എന്നുള്ളതാണ്.

ദൈവത്തിന്റെ പരിശുദ്ധാത്മാഭിഷേകത്തിലും പ്രത്യക്ഷപ്രകടനത്തിലും പൂർണ്ണതയുള്ളതും വിട്ടുവീഴ്ചകൾ ചെയ്യാതെയും ദൈവവചനം അറിയിക്കുവാൻ എപിസി പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സൃഷ്ടിപരമായ അവതരണങ്ങൾ, ബുദ്ധിമാന്മാരായ ന്യായവാദികൾ, സമകാലിക ശുശ്രൂഷാ വിദ്യകൾ, ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ തുടങ്ങിയവ, സുവിശേഷ ഘോഷണത്തിന് ദൈവനിയമിതമായ പരിശുദ്ധാത്മ അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, പരിശുദ്ധാത്മ വരങ്ങളുടെയും മറ്റും പരിശുദ്ധാത്മ ഇടപെടലുകൾക്ക് പകരം വയ്ക്കാവുന്നതല്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രതിപാദ്യവിഷയം യേശു, ഞങ്ങളുടെ ഉള്ളടക്കം വചനം, ഞങ്ങളുടെ രീതി ദൈവാത്മാവിന്റെ ശക്തി, ഞങ്ങളുടെ തല്പരത മനുഷ്യർ, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവാനുസൃതമായ പക്വത.

ബാംഗ്ലൂരിലെ ഞങ്ങളുടെ കേന്ദ്രസ്ഥാപനമായ ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യയിൽ മറ്റ് നിരവധി സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ചിന്റെ സഭകൾ സ്ഥിതി ചെയ്യുന്ന സ്ഥലവിവരങ്ങൾ ലഭിക്കുന്നതിന് ഞങ്ങളുടെ വെബ്സൈറ്റായ **www.apcwo.org/locations** സന്ദർശിക്കുക. അല്ലെങ്കിൽ **www.apcwo.org/locations** ലേക്ക് ഇമെയിൽ അയയ്ക്കുക.

## നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് വന്നു. അവന്റെ പേരാണ് യേശു. തികച്ചും പാപരഹിതമായ ഒരു ജീവിതം താൻ നയിച്ചു. ദൈവം ജഡത്തിൽ യേശുവായി വന്നതുകൊണ്ട് അവൻ പറഞ്ഞും പ്രവർത്തിച്ചും ദൈവമായി നമുക്ക് വെളിപ്പെട്ടു. അവൻ പറഞ്ഞവയെല്ലാം ദൈവത്തിന്റെ യഥാർത്ഥ വാക്കുകളായിരുന്നു. അവൻ ചെയ്ത പ്രവൃത്തികളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ലോകത്തിൽ അനവധി അത്ഭുതങ്ങൾ ചെയ്തു. രോഗികളെയും കഷ്ടതയനുഭവിക്കുന്നവരെയും അവൻ സൗഖ്യമാക്കി. അവൻ കുരുടന് കാഴ്ച നൽകി, ബധിരന് കേൾവി നൽകി, മുടന്തനെ നടക്കുമാറാക്കി. കൂടാതെ എല്ലാ രോഗങ്ങളെയും ബാധകളെയും അവൻ സൗഖ്യമാക്കി. അവൻ അപ്പത്തെ അത്ഭുതകരമായി വർദ്ധിപ്പിച്ച് ബഹുജനത്തിന് വിശപ്പകറ്റുകയും, കൊടുങ്കാറ്റിന്റെ ശൗര്യത്തെ ശമിപ്പിക്കുകയും മറ്റനവധി അടയാളങ്ങളും അത്ഭുതങ്ങളും പ്രവൃത്തിക്കുകയും ചെയ്തു.

**ദൈവത്തിന്റെ ഇവ്വിധമുള്ള എല്ലാ പ്രവൃത്തികളും, മനുഷ്യരെല്ലാവരും ആരോഗ്യത്തോടും സന്തോഷത്തോടും സുഖമായും ഇരിക്കേണമെന്നാണ് അവൻ ആഗ്രഹിക്കുന്നതെന്ന കാര്യം വെളിപ്പെടുത്തുകയാണ്.**

അപ്പോൾ എന്തകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് ഇറങ്ങിവരേണമെന്ന് തീരുമാനിച്ചത്? എന്തിനാണ് യേശു വന്നത്?

നമ്മെ സൃഷ്ടിച്ചവനായ ദൈവത്തിന്റെ മുമ്പാകെ ദൈവത്തിന് സ്വീകാര്യമല്ലാത്ത പാപപ്രവൃത്തി നാമെല്ലാവരും ചെയ്തു. പാപത്തിന് അതിന്റെ പരിണിതഫലമുണ്ട്. പാപം എന്നത് ദൈവത്തിന്റേയും നമ്മുടെയും ഇടയ്ക്കുള്ള ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്ന് വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിനും അവനുമായി അർത്ഥവത്തായ ബന്ധം സ്ഥാപിക്കുന്നതും ഇത് തടയുന്നു. അതുകൊണ്ട്, ഈ ശൂന്യത പരിഹരിക്കുന്നതിന് മറ്റു പല കാര്യങ്ങളും ചെയ്യുവാൻ നമ്മിൽ പലരും ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലമാണ് ദൈത്തിൽ നിന്നുള്ള നിത്യമായ വേർപാട്. ദൈവത്തിന്റെ കോടതിയിൽ പാപത്തിന്റെ ശിക്ഷ എന്നത് മരണമാണ്. ശാശ്വതമായി ദൈവത്തിൽ നിന്ന് നരകത്തിൽ വേർപെടുന്നതാണ് മരണം.

എന്നാൽ, സന്തോഷവാർത്ത എന്നത്, നമുക്ക് പാപത്തിൽ നിന്ന് രക്ഷപ്പെടുവാനും ദൈവീക ബന്ധത്തോട് പൂർവ്വസ്ഥിതിയിലേക്ക് ആകുവാനും സാധിക്കും എന്നതാണ്. ബൈബിൾ പറയുന്നത്, **“പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ” (റോമർ 6:23).** യേശു ക്രൂശിൽ മരണം വരിച്ചപ്പോൾത്തന്നെ മുഴുലോകത്തിന്റേയും പാപത്തിന് മറുവില നൽകിക്കഴിഞ്ഞു. മൂന്ന് ദിനങ്ങൾക്ക് ശേഷം അവൻ ഉയർത്തെഴുന്നേൽക്കുകയും അനേകർക്ക് തന്നെത്തന്നെ വെളിപ്പെടുത്തിയശേഷം സ്വർഗ്ഗത്തിലേക്ക് പോകുകയും ചെയ്തു.

ദൈവം സ്നേഹത്തിന്റേയും കരുണയുടെയും ദൈവമാണ്. ഒരു മനുഷ്യനും നരകത്തിൽ നഷ്ടപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല. ആയതിനാൽ അവൻ വന്ന് മാനുഷകുലത്തിന് മുഴുവൻ പാപപരിഹാരത്തിനുള്ള വഴി ഒരുക്കുകയും എന്നേയ്ക്കുമുള്ള അതിന്റെ ഫലം അനുഭവിക്കുവാൻ ഇടയാക്കുകയും ചെയ്തു. അവൻ എന്നെയും നിങ്ങളെയും പോലെയുള്ള പാപികളെ നിത്യമായ മരണത്തിൽ നിന്ന് രക്ഷിപ്പാനാണ് വന്നത്.

ഈ സൗജന്യമായ പാപക്ഷമ സ്വീകരിക്കുവാൻ നാം ഒരു കാര്യം മാത്രം ചെയ്യുവാനാണ് ബൈബിൾ ആവശ്യപ്പെടുന്നത് - **“അവനിൽ വിശ്വസിക്കുന്ന ഏവന്നും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു” (അ.പ്രവർത്തികൾ 10:43).**

**“യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും” (റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ താങ്കൾക്കും പാപക്ഷമയും ശുദ്ധീകരണവും സ്വീകരിക്കുവാൻ കഴിയും.

താഴെ കാണുന്ന വിധം ലളിതമായ ഒരു പ്രാർത്ഥന കഴിച്ചാൽ കർത്താവായ യേശുക്രിസ്തു താങ്കൾക്കുവേണ്ടി ക്രൂശിൽ നിവർത്തിച്ചത് എന്തെന്ന് അറിയുവാനും അവനിൽ വിശ്വസിക്കുവാനുള്ള തീരുമാനവും എടുക്കുവാൻ സഹായകമാകും. ഈ പ്രാർത്ഥനയിലൂടെ, താങ്കൾക്കുവേണ്ടി യേശു ചെയ്ത കാര്യങ്ങളെ അംഗീകരിപ്പാനും അതിലൂടെ നിങ്ങൾക്ക് പാപക്ഷമയും ശുദ്ധീകരണവും പ്രാപിക്കുവാൻ സാധിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശി മാത്രമാണ്. നിങ്ങളുടേതായ സ്വന്തവാക്കുകളിലും നിങ്ങൾക്ക് പ്രാർത്ഥിക്കാവുന്നതാണ്.

*സ്നേഹവാനായ കർത്താവായ യേശുവേ, അവിടുന്ന് എനിക്കുവേണ്ടി ക്രൂശിൽ ചെയ്തത് എന്തെന്ന് ഇന്ന് എനിക്ക് ബോധ്യമായി. അവിടുന്ന് എനിക്കുവേണ്ടിയാണ് മരിച്ചത്, എന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമായാണ് അങ്ങയുടെ വിലയേറിയ രക്തം ഒഴിക്കിയത്, അതുകൊണ്ട് എനിക്ക് പാപക്ഷമ ലഭിക്കും. ബൈബിൾ എന്നോടു പറയുന്നത്, നിങ്ങളിൽ ആരെല്ലാം അങ്ങയിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾ ക്ഷമിക്കുമെന്നാണ്.*

*എനിക്കുവേണ്ടി അങ്ങ് ക്രൂശിൽ മരിക്കുകയും മരണത്തിൽ നിന്ന് അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നും ഞാൻ അംഗീകരിക്കുകുയും വിശ്വസിക്കുകയും ചെയ്യുന്നു എന്ന് ഞാൻ ഇന്ന് തീരുമാനമെടുക്കുന്നു. എന്റെ നല്ലപ്രവർത്തികൾകൊണ്ട് എനിക്ക് എന്നെത്തന്നെ രക്ഷിക്കുവാൻ സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. മാത്രമല്ല ഒരു മനുഷ്യനും അതിന് സാധ്യമല്ല എന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങളുടെ ക്ഷമ നേടിയെടുക്കുവാനും എനിക്ക് സ്വതവേ സാധ്യമല്ല.*

*അവിടുന്ന് എനിക്കുവേണ്ടി മരിച്ചു എന്നും, എന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം അവിടുന്ന് വരുത്തി എന്നും, മരണത്തിൽ നിന്നും അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നും, ഇന്ന് ഞാൻ വിശ്വസിക്കുകയും വിശ്വാസത്താൽ എന്റെ പാപങ്ങളുടെ ക്ഷമയും വിശുദ്ധീകരണവും ഞാൻ സ്വീകരിക്കുകയും ചെയ്യുന്നു...*

*നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, കൂടുതൽ അറിയുവാനും, അങ്ങയോടു വിശ്വസ്തനായിരിപ്പാനും അവിടുന്ന് എന്നെ സഹായിക്കേണമേ. ആമേൻ.*

**ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യൂ!**

ആപ്ലിക്കേഷനു വേണ്ടി തിരയുക

ആപ്പ് സ്റ്റോറിലോ ഗൂഗിൽ പ്ലേ സ്റ്റോറിലോ

"All Peoples Church Bangalore"

Available on the App Store

ANDROID APP ON Google play







ദിവസേന 5-മിനിറ്റ് ദൈർഘ്യമുള്ള ഒരു ധ്യാനസന്ദേശ വീഡിയോ

ദിവസേനയുള്ള ബൈബിൾ വായനയ്ക്കും പ്രാർത്ഥനയ്ക്കുമുള്ള മാർഗ്ഗദർശി

5 മിനിറ്റുള്ള പ്രസംഗ സംഗ്രഹം

വിശ്വാസവർദ്ധനവിനും സുവിശേഷീകരണത്തിന് പ്രയോജനപ്പെടുന്നതുമായ അറിവുകളെ സ്വായത്തമാക്കുവാനുള്ള തിരുവചന മാർഗ്ഗദർശികൾ

പ്രസംഗങ്ങൾ, പ്രസംഗക്കുറിപ്പുകൾ, ടെലിവിഷൻ പ്രോഗ്രാമുകൾ, പുസ്തകങ്ങൾ, ഗാനങ്ങൾ തുടങ്ങിയവ താങ്കൾക്ക് ഇത് ഇഷ്ടപ്പെട്ടുവെങ്കിൽ, മറ്റുള്ളവർക്കും ഇത് പങ്കുവയ്ക്കുക!

**All Peoples Church**
**Bible College and Ministry Training Center**

ഇന്ത്യയിലെ ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ് & മിനിസ്ട്രി ട്രെയ്നിംഗ് സെന്ററെർ (APC-BC) ആത്മനിറവും, പരിശുദ്ധാത്മാവിന്റെ അഭിഷേകം നിറഞ്ഞതുമായ അമാനുഷിക ശക്തി ഏറ്റെടുത്ത് ശുശ്രൂഷിക്കുവാനും, അതൊടൊപ്പം ഉപദേശപരമായും ബൗദ്ധികമായും ദൈവവചനം പഠിക്കുവാനും ഉള്ള ഉത്തേജനം നൽകുന്നു. ദൈവവചനത്തെക്കുറിച്ച് ആഴത്തിലുള്ള അവഗാഹവും, ദൈവിക സ്വഭാവം സ്വായത്തമാക്കുവാനും, അടയാളങ്ങളാലും അത്ഭുതങ്ങളാലും പ്രകടമാകുന്ന ശുശ്രൂഷയും പ്രാപ്യമാകുന്നതിലൂടെ ദൈവവേലയെ വളർത്തിയെടുക്കാമെന്നും ഇവയെല്ലാം കർത്താവുമായുള്ള അകമഴിഞ്ഞ ഒരു ബന്ധത്തിലേക്ക് നയിക്കപ്പെടുന്നതിലൂടെ സാധ്യമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

APC-BC യിൽ, പ്രകടമാകേണ്ടുന്ന ദൈവസ്നേഹം സ്വായത്തമാക്കുവാനും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും അമാനുഷികമായ ദൈവപ്രവൃത്തികൾക്കും പ്രത്യേകം ഊന്നൽ നൽകുന്ന വിധത്തിലുമുള്ള അധ്യാപനമാണ് നൽകുന്നത്. ധാരാളം യുവതീയുവാക്കൾ ഇതിനോടകം പരിശീലിപ്പിക്കപ്പെടുകയും അവരിൽ ദൈവവിളി നിറവേറ്റുന്നതിനായി അയയ്ക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

മൂന്ന് പ്രോഗ്രാമുകളാണ് ഞങ്ങൾ നൽകുന്നത്:

ഒരു വർഷത്തെ Certificate in Theology and Christian Ministry (C.Th.)
രണ്ടു വർഷത്തെ Diploma in Theology and Christian Ministry (Dip.Th.)
മൂന്നു വർഷത്തെ Bachelor in Theology and Christian Ministry (B.Th.)

ദിവസേന വന്നുപോകുന്നവർക്ക് **തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ 9:00am - 1:00pm** വരെയും, ജോലിയുള്ളവർക്കും, ഗൃഹസ്ഥരായവർക്കും ഉച്ചയ്ക്കു ശേഷം 1 മണിക്കും ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. താമസിച്ചു പഠിക്കുവാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കൾക്ക് വെവ്വേറെ താമസ സൗകര്യങ്ങൾ ലഭ്യമാണ്. എല്ലാ പ്രവൃത്തി ദിനങ്ങളിലും ഉച്ചകഴിഞ്ഞ് 2:00-5:00 വരെയുള്ള സമയങ്ങളിൽ ഫീൽഡ് വർക്കിനും, പ്രത്യേകമായുള്ള സെമിനാറുകൾക്കും, പ്രാർത്ഥന, ആരാധന സമയങ്ങളിലും

പഠിതാക്കൾ പങ്കാളികളാകുന്നു. ഉച്ചകഴിഞ്ഞുള്ള സെഷനുകളിൽ ഹോസ്റ്റലിൽ താമസിച്ചു പഠിക്കാത്തവർ പങ്കെടുക്കേണമെന്ന് നിർബന്ധമില്ല. എല്ലാ വാരാന്ത്യത്തിലും ഓരോ പഠിതാവും ഒന്നോ അതിലധികമോ സഭകളിൽ പങ്കെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു.

ഓൺലൈനായി അപേക്ഷിക്കുന്നതിനും കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, പഠനചെലവുകൾ, അപേക്ഷാ ഫോം എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ദയവായി സന്ദർശിക്കുക: **apcwo.org/biblecollege**

APC-BC is accredited by
The Nations
Association for Theological
Accreditation (NATA)

ഇന്നത്തെ ലോകത്തിൽ മിക്കവാറും എല്ലായിടത്തും അഴിമതിയും സത്യസന്ധതയില്ലായ്മയും കൈക്കൂലിയും സാധാരണമാണെന്ന് തോന്നുന്നു. ലോകം അങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് തോന്നുന്നു, കാരണം അങ്ങനെയാണ് അവരെ പഠിപ്പിച്ചിരിക്കുന്നത്; അതിലും നല്ലത് അവർക്കറിയില്ല. എന്നിരുന്നാലും, സത്യസന്ധതയില്ലായ്മയും അനീതിയും സത്യനിഷ്ഠയുടെ അഭാവവും ദൈവജനത്തിൽ-നമുക്കിടയിൽ കാണുമ്പോൾ അത് വളരെ സങ്കടകരമാണ്, കാരണം അതിനേക്കാൾ നന്നായി പ്രവർത്തിക്കാൻ നമുക്കറിയാം.

അതെല്ലാം ദൈവവചനത്തിൽ വായിക്കുന്നതിനാൽ സത്യനിഷ്ഠയിലും സത്യസന്ധതയിലും വിശുദ്ധിയിലും നീതിയിലും എങ്ങനെ നടക്കണമെന്ന് നാം അറിഞ്ഞിരിക്കണം. പാസ്റ്റർമാരുടെയും പ്രസംഗകരുടെയും അധ്യാപകരുടെയും വചനശുശ്രൂഷകരുടെയും ഇടയിൽ അനീതിയും സത്യസന്ധതയില്ലായ്മയും സത്യനിഷ്ഠയുടെ അഭാവവും കാണുമ്പോൾ അത് കൂടുതൽ മോശമാണ്. നമ്മൾ ഓരോരുത്തരും ചെയ്യുന്ന ഓരോ കാര്യത്തിലും സത്യനിഷ്ഠ, സത്യസന്ധത, നേര് എന്നിവയിൽ പൂർണ്ണമായും പ്രതിജ്ഞാബദ്ധരാകണം, ഈ പുസ്തകം നമ്മുടെ ഉള്ളിൽ ആ ഗുണങ്ങളെ ഉണർത്തും.

ആശിഷ് റൈച്ചൂർ


**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org